രും പാശ്ചാത്യരുമായ സാഹിത്യകാരന്മാർക്ക് പ്രകൃതിനിരീക്ഷണത്തെ സംബന്ധിച്ചേടത്തോളമുള്ളത്. പ്രഫുല്ലമായ ഒരു പുഷ്പത്തെ ദൈവാച്ചനത്തിന്നായി വിനിയോഗിച്ച് ഭാരതീയർ പരമനിവ്വാണം നേടുമ്പോൾ, പാശ്ചാത്യരാകട്ടെ ആ പുഷ്പത്തിൻെറ ഭംഗിയും സൌരഭ്യവുമോർത്ത്, അതിനെ അതിഥിസല്ക്കാരത്തിന്നോ മറേറാ വിനിയോഗിച്ച്, ഭൌതികാനന്ദത്തിൽ മുഴുകുകയാണ് ചെയ്യുന്നത്. പാശ്ചാത്യർ അവരുടെ സാഹിത്യങ്ങളിൽ പ്രകൃതിവണ്ണനത്തെത്തന്നെ ഒരു പുതിയ പ്രസ്ഥാനമായിട്ടാണ് പരിഗണിക്കുന്നത്. ലോകത്തിൽ മനുഷ്യൻ മാത്രമാണ് പ്രാധാന്യമഹിക്കുന്നതെന്നാണ് അവരുടെ വിശ്വാസം. പ്രാകൃതികവസ്തുക്കളെല്ലാം തന്നെ അപ്രധാനങ്ങളും, മനുഷ്യൻെറ ഭൌതികസുഖത്തിന്നായി ഉപയോഗിക്കേണ്ടവയുമാണെന്നാണ് അവരുടെ സിദ്ധാന്തം. അതുകൊണ്ട് അവരുടെ സാഹിത്യം മനുഷ്യചരിത്രത്തിൻെറ യാഥാതഥ്യപ്രതിപാദനപരമായിത്തീരുകയും പ്രകൃതിനിരീക്ഷണപരമല്ലാതാവുകയും ചെയ്തതിൽ അതിശയിപ്പാനില്ല. ഭാരതീയരാകട്ടെ, പ്രപഞ്ചത്തിലെ സ്ഥാവരജംഗമാത്മകങ്ങളായ സകലപ്രകൃതിവസ്തുക്കളും, സനാതനവും സമ്പൂണ്ണവുമായ സാക്ഷാൽ പരബ്രഹ്മത്തിൽ പ്രതിഷ്ഠിതങ്ങളാണെന്നു സങ്കല്പിക്കുകയും, ഈ സകലവസ്തുക്കളും അഖണ്ഡമായ ബ്രഹ്മത്തിൻെറ വിരാട് സ്വരൂപമായി നിലകൊള്ളുന്നുവെന്ന് വിശ്വസിക്കുകയും ചെയ്തു, പ്രകൃതിയുടെ പ്രാധാന്യത്തെ പ്രസ്പഷ്ടമായി പ്രഖ്യാപിക്കുകയാണ് ചെയ്തത്. അവർ, ദേവന്മാരിലും മനുഷ്യരിലും പക്ഷിമൃഗാദികളിലും വൃക്ഷലതാദികളിലും ലോഹപാഷാണാദികളിലും എന്നുവേണ്ട സകലത്തിലും ആനന്ദസ്വരൂപനായ ഈശ്വരൻെറ സത്തയും ചൈതന്യവും നിലകൊള്ളുന്നുണ്ടെന്നും, അതുകൊണ്ടാണ് അവയ്ക്ക് പ്രാകാശ്യം സിദ്ധിക്കുന്നതെന്നും വിചാരിച്ചു. അവർ മനുഷ്യക്കല്ല മാഹാത്മ്യം കല്പിച്ചത്; സവ്വജഗന്നിയന്താവായ സവ്വേശ്വരന്നാണ്. ഈശ്വരചൈതന്യം സവ്വഭൂതങ്ങളിലുമിരിക്കുന്നതുകൊണ്ട്, സകലചരാചരവസ്തുക്കളും സമപ്രധാനങ്ങളെന്ന് അവർ കരുതി. മനുഷ്യൻെറ ഭൌതികാനന്ദസാധനങ്ങളാണ് മററുള്ള പ്രാകൃതികവസ്തുക്കളെന്ന് ഭാവിക്കാതെ, സവ്വത്രസമദശികളായിട്ടാണ് ഭാരതീയർ വത്തിച്ചത്.

"യോദേവോഗ്നൌ,യോപ്സു,, യോവിശ്വം ഭുവനമാവിവേശ,
യഓഷധിഷു,യോവനസ്പതിഷു തസ്മൈ ദേവായനമഃ"

(യാതൊരുവൻ അഗ്നിയിലും വെള്ളത്തിലും ഓഷധികളിലും വൃക്ഷങ്ങളിലും സകലഭുവനങ്ങളിലും ഇരിക്കുന്നുവോ., ആ ദേവന്നായിക്കൊണ്ടു നമസ്കാരം) എന്നും;

"തദേജതിതന്നൈജതി,തദ്ദൂരെതദ്വന്തികെ
തദന്തരസ്യസവ്വസ്യതദുസവ്വസ്യാസ്യ ബാഹ്യത?"

(ഇളകുന്നതും ഇളകാത്തതും, ദൂരത്തിലും അന്തികത്തിലുമുള്ളതും, ഉള്ളിലും പുറമെയും ഉള്ളതുമായ സകലവസ്തുക്കളും ഈശ്വരൻെറ രൂപമാകുന്നു) എന്നും മററുമുള്ള ശ്രുതിവാക്യങ്ങൾ അവരുടെ ആസ്തികതയേയും സവ്വപ്രകൃതികളിലുമുള്ള സമതാബുദ്ധിയേയും വെളിപ്പെടുത്തുന്നു.

ഭാരതീയ സാഹിത്യകാരന്മാരുടെയിടയിൽ പ്രഥമവും പ്രധാനവുമായ സ്ഥാനത്തെ അലങ്കരിക്കുന്ന ആദികവിയായ വാല്മീകിയെ, ആദ്യസാഹിത്യത്തിന്റെ നിർമ്മിതിക്കു പ്രേരിപ്പിച്ചതു്, ആ തത്വവേദിയുടെ പ്രകൃതിനിരീക്ഷണതാൽപര്യമല്ലാതെ മറ്റൊന്നുമല്ല. തമസാനദീതീരത്തിലെ പ്രകൃതിസൌന്ദര്യത്തെ ആസ്വദിച്ചുകൊണ്ടിരിക്കവേ, വ്യാധവിദ്ധമായ ക്രൌഞ്ചപക്ഷിയെക്കണ്ടു് അനുകമ്പിതമായ ആ യതീശ്വരന്റെ ഹൃദയതലത്തിലങ്കുരിച്ച കരുണയുടെ പരിണതഫലമാണു് ശ്ലോകരൂപത്തിലവതരിച്ച ആ പ്രഥമസാഹിതീദേവത. അതാണല്ലൊ ഭാരതസാഹിത്യക്ഷേത്രത്തിലെ പ്രകൃതിമോഹനമായ ആദികാവ്യത്തിന്റെ നിബന്ധനത്തിൽ ആ മഹാകവിക്കു പ്രചോദകമായിത്തീർന്നതും. ആദികവിയുടെ അനന്തരകാലത്തെ, പ്രകൃതിനിരീക്ഷകന്മാരായ സാഹിത്യകാരന്മാരിൽവെച്ചു് പരമപ്രാധാന്യമർഹിക്കുന്നതു് മഹാകവി കാളിദാസനാണെന്നതു് സർവ്വസമ്മതമായ സംഗതിയത്രെ. 'ക്രാന്തദർശി'യായ ആ വരകവിയുടെ ചിന്താസന്താനങ്ങളിലുൾക്കൊള്ളാത്ത പ്രകൃതിസൌകുമാര്യം പ്രപഞ്ചത്തിലില്ലെന്നു പറയാം. അദ്ദേഹത്തിന്റെ സാഹിത്യവ്യവസായങ്ങളിലങ്ങോളമിങ്ങോളം തിങ്ങിവിളങ്ങുന്ന പ്രകൃതിനിരീക്ഷണതാൽപര്യം മതി, ഭാരതീയസാഹിത്യകാരന്മാരുടെ വിജയപതാകയെ വിശ്വവിസാരിയാക്കിത്തീർക്കുവാൻ. രസഭാവസന്നിവേശംകൊണ്ടു് സമുജ്ജ്വലമായ വർണ്ണനാവൈചിത്ര്യത്താൽ സമുൽഭാസിതങ്ങളായ അദ്ദേഹത്തിന്റെ കാവ്യങ്ങൾ, മാനവലോകത്തെ പ്രകൃതിസൌന്ദര്യമാസ്വദിപ്പിച്ചുകൊണ്ടു് ആദ്ധ്യാത്മികാനന്ദാനുഭൂതിയിലാറാടിക്കുന്നു. ഗീഥേ തുടങ്ങിയ പാശ്ചാത്യകവീന്ദ്രന്മാരാൽ പോലും പ്രസംശിക്കപ്പെടത്തക്കവണ്ണം വിശ്വോത്തരമായ മാഹാത്മ്യം കാളിദാസകൃതികൾക്കുണ്ടായതു്, അഗാധചിന്തകനായ മഹാകവിയുടെ പ്രകൃതിനിരീക്ഷണപരമായ നിരൂപണശൈലിനിമിത്തമാണെന്നുള്ളതു് വാദമററ സംഗതിയാകുന്നു. മനുഷ്യനും പ്രകൃതിയും തമ്മിൽ അഭേദ്യമായ ബന്ധമാണുള്ളതെന്നും ദൃശ്യപ്രകൃതിയുടെ സൌന്ദര്യാസ്വാദനത്താൽ മനുഷ്യൻ അഭൌമമായ ആനന്ദത്തിന്നു വിധേയനാകുന്നുവെന്നും തദ്വാരാ അവന്നു് ഈശ്വരസാക്ഷാൽകാരം സിദ്ധിക്കുന്നുവെന്നും മററുമുള്ള തത്വങ്ങളാണു് രഘുവംശാദി കാവ്യങ്ങളെകൊണ്ടു മഹാകവി ലോകത്തെയുപദേശിക്കുന്നതു്.

ഭവഭൂതി, ഭാരവി, ശ്രീഹർഷൻ, മാഘൻ മുതലായ സകലസാഹിത്യകാരന്മാരും ഇങ്ങനെ പ്രകൃതിനിരീക്ഷണംചെയ്തു്, അതിന്റെ താത്വികവശങ്ങളെ ലോകത്തിന്നു കാണിച്ചുകൊടുത്തിട്ടുള്ളവരാണു്. ചുരുക്കിപ്പറഞ്ഞാൽ പ്രകൃതിനിരീക്ഷണതൽപരന്മാരല്ലാത്ത സാഹിത്യകാരന്മാർ ആര്യഭാരതീയരുടെയിടയിൽ സമുദയംചെയ്യുകയുണ്ടായിട്ടില്ല. അതുകൊണ്ടത്രേ ഭാരതീയരുടെ സാഹിത്യത്തിന്നും സംസ്കാരത്തിന്നും ലോകത്തിലെവിടേയും ഉൽകൃഷ്ടമായ സ്ഥാനവും മാനവും സിദ്ധിക്കുവാനിടയായതു്.

കെ. ബാലകൃഷ്ണപ്പണിക്കർ, ജൂനിയർ ഇന്റർമീഡിയററ്.

# നിരാശ

(ഗീതകങ്ങൾ)

I

എത്തിഞാനിതാ ദേവ! സ്വച്ഛദീപികയൊന്നു
കത്തിയുജ്ജ്വലിയ്ക്കുമീ വഴിയമ്പലത്തിങ്കൽ;
ചുററുമേ മഹാന്ധ്യമുണ്ടാർത്തുകൊണ്ടുടുക്കുന്നു
മുററുമക്കൊടുംകാററിൻക്രൂരതാണ്ഡവത്തോടേ;
ദൂരെയുണ്ടെനിയ്ക്കുതാ തരണംചെയ്യേണ്ടതാം
സൂരജാസമം സരിത്തൊന്നു ഹാ! കരുപ്പാർന്നും,
പരന്നും ക്രൂലം പിളർന്നിഴയും പെരുത്തതാ
മുരഗംപോലെൻപ്രഭോ! പേടിയാകുന്നു പാരം!!
അവിടുന്നെനിയ്ക്കേകിയുള്ളതാമിക്കൈത്തിരി-
യ്ക്കിവിടെ പ്രകാശമുണ്ടേററീടാൻ മാർഗ്ഗം കാട്ടാൻ.
അവിടുന്നരുൾചെയ്യുപോലെ; എങ്കിലും മാർഗ്ഗം,
കവിയും കഷ്ടപ്പാടിൻക്രൂത്തരങ്ങല്ലേ, പാർത്താൽ?
താവകാന്തികമോക്ഷംനേരമോ, മഹാതുച്ഛ-
മീവകയെല്ലാം പ്രഭോ—ഞാനിതാ പുറപ്പെടാം.

II

അപ്പുഴയ്ക്കങ്ങേപ്പുറമെത്തിയാൽ പ്രാപിച്ചീടാം
ത്വൽപാർശ്വമാശ്വാസമാണായതിങ്ങനല്പമായ്.

....................................................................

..................................................................

എന്തിതെന്തിദ്ദീപത്തിൻ നാളത്തിൽനിന്നും വേറി-
ട്ടെങ്കിലെൻതിരിയേതും കത്തിടാതിരിയ്ക്കുവാൻ!!
പ്രാണേശാ, വീണ്ടും വീണ്ടും ഞാനേറെ ശ്രമംചെയ്യും
പ്രാപ്തമാകുന്നില്ലല്ലോ, ദീപമൊന്നെനിയ്ക്കെന്താൻ!!
കൈത്തിരിയിതാ വീണ്ടും കെട്ടുപോകുന്നെന്നാത്മ-
വൃത്തമങ്ങറിവീലേ, മാമകാന്തസ്ഥൻ ഭവാൻ?
(ഇത്തവ്വിലിക്ഷേത്രത്തിൻ ചുററുപാടിലുമിതാ-
സത്യമായ് പ്രകാശിപ്പൂ ദീപങ്ങളസംഖ്യമായ്)
ആശ്ചര്യം! എന്നിട്ടുമെൻ കൊച്ചുകൈത്തിരിയെന്തി-
തായിരം തവണയും കെല്പെഴാതണയുവാൻ?

.................................................................

....................................................................

ആകട്ടെ,യെന്നാലും ഞാൻ തുടരും; വിളങ്ങീടു-
മായിരം വേറേ ദീപമപ്പൊഴിങ്ങോരോന്നായി.

ടി. എം. ഭാസ്കരൻനെടുങ്ങാടി.

# ചിരിയുടെ സാമ്പിളുകൾ

ചിരി, ആനന്ദത്തിന്റെ ചങ്ങാതിയാണ്, സന്തോഷത്തിൽ മുങ്ങിപ്പൊങ്ങിവരുന്ന തരംഗമാണ്, പരിഹാസത്തിന്റെ ബഹിഃസ്ഫുരണമാണ് എന്നു തുടങ്ങി പലതരത്തിലും പണ്ഡിതന്മാർ അതിനെ നിർവ്വചിച്ചിട്ടുണ്ട്; ചിലർ ചിരിയെ ചിന്തയോടു കൂട്ടിഘടിപ്പിച്ചിട്ടുണ്ട്; ലിംഗഭേദത്തോടുള്ള ബന്ധത്തെ സൂചിപ്പിച്ചിട്ടുണ്ട്; ഹാസം മുഖത്തിന്നൊരലങ്കാരമല്ല, തടിക്കൊരുതാങ്ങുകൂടിയാണെന്ന് വേറെ ചിലർ ഉപന്യസിച്ചിട്ടുണ്ട്; സകലരേയും രസിപ്പിച്ചു ചിരിപ്പിക്കുവാനും, ചിരിപ്പിച്ചു രസിപ്പിക്കുവാനും പലരും ഉത്സാഹിക്കുന്നുണ്ട്, ശ്രമിച്ചിട്ടുമുണ്ട്; ഇനിയും മറ്റൊരുകൂട്ടർ പുഞ്ചിരി, പഞ്ചാരച്ചിരി, ഇളിഭ്യച്ചിരി, കള്ളച്ചിരി, ആക്കാനും വേണ്ടിയുള്ളൊരോക്കാനച്ചിരി, കൊലച്ചിരി, പച്ചച്ചിരി, പരിശുദ്ധമായ ചിരി എന്നിങ്ങിനെ ബഹുവിധത്തിൽ, ബഹുകൃതവേഷധാരിയായ ഹാസത്തെ പരാമർശിച്ചു പ്രപഞ്ചിച്ചിട്ടുണ്ട്; മന്ദഹസിതവും, അട്ടഹാസവും എന്ന് ചിരിയെ രണ്ടാക്കി വിഭജിച്ച് യഥാക്രമം പുഞ്ചിരിക്ക് അല്പസ്മിതം, വികസിതഹാസം, ആദിയായും; പൊട്ടിച്ചിരിക്ക് കലങ്ങിച്ചിരി, കുലുങ്ങിച്ചിരി, കുണുങ്ങിച്ചിരി, കിലുകിലച്ചിരി തുടങ്ങിയും ഉള്ള ഉൾപ്പിരിവുകളെപ്പറ്റി പ്രസംഗിച്ചിട്ടുണ്ട്; ഇതൊന്നും പോരെങ്കിൽ കവികൾ, പുഞ്ചിരിയാകുന്ന തൂവെൺനിലാവ്, കുരുക്കുത്തിമുല്ല പൂത്തപോലെയുള്ള വെളുത്ത പുഞ്ചിരി എന്നു തുടങ്ങി കൃതികളിൽ പരിഷ്കരിപ്പിച്ചു പ്രയോഗിച്ചിട്ടുണ്ട്; ഇനി, എന്തൊന്നുവേണം ഇതിൽപ്പരമായി! അല്ലെങ്കിൽ, എന്തുകൊണ്ട് ഇതിനാൽ മതിയാക്കുന്നു, ഒന്നുകൂടി വേണം! പറയാം, പറയാം ശ്രൂണു—

ഹാസം, ഉത്തമമദ്ധ്യമാധമന്മാർക്ക് മൂന്നു പ്രകാരത്തോടുകൂടിയതായി പറഞ്ഞിരിക്കുന്നു. അതിന്നുതന്നെ ആറു വിഭാഗങ്ങൾകൂടിയുണ്ട്. അവയിൽ സ്മിതവും, ഹസിതവും, ഉത്തമനിലും; വിഹസിതവും, ഉപഹസിതവും മദ്ധ്യമനിലും; അപഹസിതവും, അതിഹസിതവും നീചനിലുമാണ് പറയപ്പെട്ടിരിക്കുന്നത്.

അല്പം വികസിച്ച കവിൾത്തടങ്ങളോടും, പരുഷമല്ലാത്ത നോട്ടങ്ങളോടും, പുറത്തുകാണിക്കാത്ത പല്ലുകളോടുംകൂടിയ മധുരമായ ചിരിക്ക് സ്മിതമെന്നു പേരാകുന്നു; മുഖം, കണ്ണുകൾ, കവിൾത്തടങ്ങൾ എന്നിവ നല്ലവണ്ണം വികസിപ്പിച്ചുകൊണ്ടും, പല്ലുകൾ സ്വല്പം പ്രകാശിപ്പിച്ചുകൊണ്ടുമായാൽ അതിന്ന് ഹസിതമെന്നു പറയാം. ശബ്ദത്തോടുകൂടിയതും, താളത്തിന്നൊപ്പിച്ചതും, മുഖത്തു ചുവപ്പോടുകൂടിയതും, കണ്ണുകൾ ചിമ്മിക്കൊണ്ടുള്ളതും, ഉച്ചത്തിലുള്ളതും, മധുരവുമായ ഹാസത്തെ പണ്ഡിതന്മാർ വിഹസിതമെന്നു പറയുന്നു. തോൾ, തല എന്നിവയെ താഴ്ത്തിക്കൊണ്ടും, കുടിലമായി നോക്കിക്കൊണ്ടും, മൂക്കിനെ വിടുർത്തിക്കൊണ്ടുമുള്ള ചിരിക്കു പേർ ഉപഹസിതമെന്നാണ്. അസ്ഥാനത്തിലുള്ളതും, കണ്ണീരോടുകൂടിയതും, തോൾ, കുടുമ എന്നിവ ഇളകുന്നതുമായ ചിരിക്ക് ശാർങ്ഗദേവൻ അപഹസിതമെന്നു പേർ പറയുന്നു. വലിയതും, കർണ്ണകഠോരമായ ശബ്ദത്തോടുകൂടിയതും, അശ്രുപ്ര

വാഹംകൊണ്ട് കണ്ണുകളെ നനയ്ക്കുന്നതും, കൈകൾകൊണ്ട് പാൎശ്വങ്ങളെ ഉരുമ്മുന്നതുമായ ഹസിതം അതിഹസിതമാണത്രേ.

ഈ വിദ്വാൻ പറഞ്ഞമാതിരിയാണെങ്കിൽ കേവലം ചിരികൊണ്ടുമാത്രം മനുഷ്യരുടെ ഗുണഗണങ്ങളെ ചുരുക്കത്തിൽ കുറിക്കാമല്ലൊ! പക്ഷെ ഒരാളുടെമാതിരയല്ല മറെറാരാൾ ചിരിക്കുക. ഒരാൾക്കുതന്നെ എത്രവിധത്തിൽ ചിരിക്കാമെന്നോ! വികാരഭേദമനുസരിച്ച് ചിരിയുടെ ഭാവവും മാറും.

ദേഹത്തിലെ, മാംസപേശികൾക്ക് വ്യായാമംകൊടുക്കുമാറു നല്ലവണ്ണം ഒന്നയച്ചുവിട്ടു, പാൎശ്വഭാഗങ്ങൾ പിടിച്ച് കുലുങ്ങിക്കുലുങ്ങി, വളരെയുറക്കെ പൊട്ടിച്ചിരിക്കുന്നവരുണ്ട്! പാഞ്ചാലിയൊരുപൊട്ടിച്ചിരിക്കാരിയാണത്രേ. ആയിരിക്കാം "പതികളൊന്നല്ല, രണ്ടല്ല, മൂന്നല്ല- ചതുരവീരന്മാരഞ്ചുണ്ടു കാന്തന്മാർ"— ഡംഭം, പത്രാസുമാണതിനു കാരണം. അട്ടമായട്ടഹസിക്കുന്നതുകൊണ്ടുതന്നെയായിരിക്കണം 'വാസവൻ' അട്ടഹാസിയായത്. മഹാത്മാ ഗാന്ധി, വായ തലയേക്കാൾ വലതാക്കി, പല്ലുപോയ തൊണ്ണ് നല്ലവണ്ണം കാണിച്ച്, ഒരു പിഞ്ചുപൈതലെപ്പോലെ അകത്തുള്ളതെല്ലാം പുറത്തു കാണിച്ചുകൊണ്ടുള്ള ഒരു പരിശുദ്ധമായ ചിരിയാണ് ചിരിക്കാറുള്ളത്. പിന്നെ വേറൊരാളുടെ ചിരി ഞാൻ പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്, ആ ചിരി കണ്ടാൽ കണ്ടവർ ചിരിച്ചുപോകും, തനികോമാളിച്ചിരി, വെള്ളക്കാരുടെ മാതിരി പൊട്ടിച്ചിരിക്കാനുദ്യമിക്കുകയും ഉടനടി ചുണ്ടുകൾ ക്രുപ്പിക്കുകയും, അമൎത്തുകയുംചെയ്യും. പോരെങ്കിൽ കൈകൊണ്ടു താടിപിടിച്ചൊരു തിരുപ്പിടിക്കലും, അവിടെയാണോ ചിരിയുടെ 'സ്വിച്ചെ'ന്നാണ് തോന്നുക. കേൾക്കിൻ മറെറാരുതരത്തിലുള്ള ഹാസം—അഞ്ചിതമായ കടാക്ഷവിക്ഷേപത്തോടുകൂടി മുല്ലമൊട്ടുകൾപോലെയുള്ള പല്ലുകൾ വളരെ സ്വച്ഛമായി പുറത്തു കാട്ടിക്കൊണ്ടു, ഭംഗിയേറിയ കവിൾത്തടങ്ങളിൽ ചുളിവുകളേപ്പോലെയുള്ള മടക്കുകൾ ഉണ്ടാക്കിക്കൊണ്ട് വന്നും പോയുമിരിക്കുന്ന ചാരുസ്മിതം. ഇങ്ങിനെയിങ്ങിനെയെന്തൊക്കെതരത്തിലുള്ള ചിരികളുണ്ടെന്നോ! കവിതയുടെ രസം കവിയറിയാതെ രസികനറിയുന്നതുപോലെ ചിരിയുടെ രസനീരസങ്ങൾ മററുള്ളവരാണറിയുന്നത്.

ഒരേയൊരാൾതന്നെ, എത്രവിധത്തിൽ ചിരിക്കുമെന്നോ! ദ്വേഷ്യംവന്നിട്ടങ്ങനെ കൊടുമ്പിരിക്കൊള്ളുമ്പോൾ ചിലപ്പോൾ ചിലർ ഘോരമായട്ടഹസിക്കും, പല്ലുരുമ്മിക്കൊണ്ടുള്ള ഒരു പച്ചച്ചിരി, ദേഹമാസകലം വിറക്കും, നെററിചുളിയും, പുരികംചുളുങ്ങും, കണ്ണുകലങ്ങിമറിഞ്ഞ് ഉഗ്രദൃഷ്ടിയാകും. നേരെമറിച്ച് പരമാനന്ദത്തിൽ ലയിച്ചൂറിവരുന്ന ദ്ദമന്ദഹാസം മുഖത്തു തത്തിക്കളിക്കാറുണ്ട്, ഹൎഷം കൊണ്ടു ദേഹം കോരിത്തരിക്കും. ദേഹത്തിന്നു തീരെ സുഖവും, ഉന്മേഷവുമില്ലാതെയിരിക്കുമ്പോൾ സ്നേഹിതൻെറ വിജയത്തിൽ അനുമോദിച്ചുകൊണ്ടുള്ള ചിരി, ചിരിക്കാൻ വയ്യാതെകണ്ടുള്ള ചിരി—ഇങ്ങിനെ പറയാൻ തുടങ്ങിയാൽ ഇതിനുണ്ടോ അവസാനം!

എന്തുതന്നെയായാലും, ഗൌരവമവലംബിച്ച്, സൂചിപോലെ മുഖവും കൂൎപ്പിച്ച്, ചിരിക്കാതെയിരിക്കുന്ന ചില വിടാവാശിക്കാരുണ്ട്. തമാശ കണ്ടാലും ശരി, സന്തോഷം വന്നാലും ശരി, കിക്കിളിപ്പെടുത്തിയാലും ശരി, മററെന്തുതന്നെയായാലും ശരി ചിരിക്കാത്ത ഗംഭീരന്മാരാണവർ. പക്ഷെ അവരെ ചിരിപ്പിക്കാനുമുണ്ട് ഒരു വിദ്യ. കൺകെട്ടും, ഇന്ദ്രജാലവും, ചെപ്പടിവിദ്യയുമൊന്നുമല്ലാത്ത ഒരു വിദ്യ—നൈത്രജപ്രാണിലം (Nitrous Oxide) എന്ന ഒരു വാതകമുണ്ട് രസതന്ത്രത്തിൽ; ചില കാൎയ്യങ്ങളിൽ അതിന്നു പ്രാണവാതകത്തോടു സാദൃശ്യമുണ്ട്, എന്നാൽ പ്രാണനെ നിലനിൎത്തുവാൻ അതിന്നു സാധിക്കയില്ല. ഈഹാസവാതകം (Laughing Gas) വായുവോടുകൂട്ടിക്കലൎത്തി ശ്വസിച്ചാൽ ഏവനും ചിരിച്ചുപോകും; മാത്രമല്ലാ ചിരിച്ചുചിരിച്ചു കരഞ്ഞു മിണ്ടാതായിപ്പോകും—കാരണം മൂർഛാഹരിതക (Chloroform)ത്തിന്റെ മാതിരി ഇതും വളരെ ശ്വസിച്ചാൽ താൽക്കാലിക ബോധക്ഷയത്തെ ഉണ്ടാക്കിത്തീൎക്കും.

ഇരട്ടിമധുരത്തേക്കാൾ നൂറിരട്ടി മധുരമുള്ള 'സാച്ചറി'നേക്കാൾ അട്ടിമധുരം മന്ദഹാസത്തിന്നുണ്ടത്രേ! പക്ഷെ പറഞ്ഞിട്ടെന്താ അതിന്നുമുണ്ട് ഒരു പൊളിഞ്ഞ വശം; കുട്ടികൾ തമ്മിൽത്തമ്മിൽക്കളിച്ച് അവസാനം കോപകഷായിതവേഷരായാൽ മററുള്ളവരെ കളിയാക്കാറുണ്ട്:—"—ം—കണ്ടില്ല്യേ അവന്റെ ഒണക്കമെണ്ട, മച്ചിന്റെമ്മേരത്ത് കുട്ടിക്കലം കവുത്തിവെച്ചന്ത്യാ; കണ്ണേപ്പാളോ വെള്ളക്കപ്പീലെ കൂറക്കുട്ടിപോലെ; പാറപ്പുറത്തൊന്നു കേറിയമാതിരിണ്ട് മൂക്ക്; എലിയപ്പം കടിച്ചതുതന്നെ ചെവി; പല്ലുകൾ പണിക്കര് കവിടിനെരത്തിവെച്ചതാന്നാ തോന്നപ്പാ; തെക്കൻചേമ്പിന് വിത്തെറങ്ങ്യേമാതിരിണ്ട് കയ്യും, കാലും...." എന്നിങ്ങിനെ പോവും അത്. അതുമാതിരിതന്നെ ചിരിപിടിച്ചില്ലെങ്കിൽ അത് അണ്ണാക്കരയ്ക്കു വെട്ടുകൊണ്ടമാതിരിയും; ചാണകത്തിൽ വണ്ടിച്ചക്രമുരുണ്ടപോലെയും; മുരളുന്ന നായിളിച്ചുകാട്ടിയ പ്രകാരംപോലെയും; ചിരിയുടെ ശബ്ദം പാറപ്പുറത്തു ചിരട്ടവെച്ചുരച്ചപോലെയും, കാറിന്റെ 'ഹോറൺ'പോലെയും ഓലക്കിണ്ണം താഴത്തു വീഴുംപോലെയും, ഗ്ലാസ്സുകൾ തമ്മിൽ കൂട്ടിമുട്ടുപോലെയും മററും മററും ആകും; എന്നാൽ പോരേ!

ചില സ്ത്രീകൾ ചിരിക്കുന്നതു കേട്ടാൽ കരയുകയാണോ എന്നു തോന്നിപ്പോവും. മററ ചില കളഭാഷിണികളുടെ കിലുകിലഹാസത്തിന്നും, കയ്യിന്മേലെ വളകളുടെ കിലുക്കത്തിന്നും വലിയ സാമ്യമുണ്ട്; മുറുക്കുസാമാനം വായിൽവെച്ച് 'കൊള്' 'കൊള്'യെന്നു സംസാരിക്കുന്നവരുടെ ചിരി ഒരുപക്ഷെ കുടംതുടിയുടെ 'ഡുമഡുമ' ശബ്ദത്തോടുകൂടെയായിരിക്കാം; കൂപമണ്ഡൂകത്തിന്റെ "പറാം" "പറാം" ചിലപ്പോൾ കരയിൽനിന്നും കേൾക്കാം; മദ്ദളത്തിന്റെ "ധിക്തോം ധിക്തോം" നിനാദത്തെയനുകരിക്കുന്നവരും ഇല്ലെന്നില്ല. അങ്ങിനെയങ്ങിനെ പറഞ്ഞാലൊടുങ്ങില്ല!

ചെറിയ കുട്ടികളുടെ ചിരി, ബഹുരസംതന്നെതാണ്. കൊഴുകൊഴുന്നനെയുള്ള തടിച്ച തങ്കക്കുട്ടപ്പന്റെ അത്യന്തം സുന്ദരമായ, കളങ്കലേശവുമില്ലാത്ത ഹാസം എത്രമാത്രം നുകൎന്നാലാണ് മതിവരുക. നേരെമറിച്ച് കണ്ടാലറയ്ക്കുന്ന ചില കുട്ടി

കളുണ്ട്; മുഖത്തൊക്കെ കരിവാരിത്തേച്ച് കുമ്മാണ്ടികെട്ടി മൂക്കിനോട്ടകളിൽനിന്ന് വെള്ളക്കൊമ്പുകൾ തൂങ്ങി, കണ്ണുകളിൽനിന്ന് വെണ്ണനെയ്യൊലിപ്പിച്ച്—അങ്ങിനത്തെ ചില കുട്ടികളുണ്ട്. അവരുടെ ചിരിക്രുടി നമ്മെ ദേഷ്യംപിടിപ്പിക്കില്ല, ചിരിപ്പിക്കുകയാണ് ചെയ്യുക.

ചകചകായമാനമായ ചിരിയുടെ ചരിത്രത്തെപ്പററി "ചരിക്കുന്ന ജീവി"കളിൽ "ചിരിക്കുന്ന ജന്തു"വായ ഞാൻ—(മനുഷ്യൻമാത്രമാണ് ചിരിക്കുന്ന ജീവി. കഴുത, ചിരിക്കുകയല്ലാ, എന്തോ കണ്ടു നുണക്കുകയാണ്; കുരങ്ങൻ ഇളിച്ചുകാട്ടുകയാണ്. അതു, ഡാർവിൻെറ സിദ്ധാന്തം നോക്കുമ്പോൾ ചിരിയുടെ ആദ്യരൂപമായിരിക്കാം—അല്ലാതെ സീതയെകണ്ടുവോ എന്നന്വേഷിക്കുകല്ല)—ഇതുവരെ ചിരിചൊരിയാതെ ചരതമായുരക്കുകയായിരുന്നു. ഇനി നിങ്ങടെയൊക്കെക്കൂട്ടത്തിൽ ഞാനും ഒന്നു ചിരിക്കട്ടെ; ഉറക്കെച്ചിരിക്കട്ടെ "ഹോ ഹോ ഹോ"

— കോഴിക്കോട്ടു അപ്പുക്കുട്ടൻ നായർ,
(ജൂനിയർ ഇൻടർമീഡിയററ്.)

FOR COMFORT, STYLE & DURABILITY
INSIST ON PURE SWADESHI
CROWN BRAND
UNDER-VESTS
Sports Shirts are our Specialities.
*Manufactured by:*
MALABAR & PIONEER HOSIERY, LTD.,
CHALAPURAM P. O.,
CALICUT.

# ക്രൂരധർമ്മം

(കേക.)

മോദാഭിമാനങ്ങളാൽ രോമാഞ്ചമാർന്നീടവേ
മാനസനേത്രങ്ങൾക്കു മുമ്പിൽ ഞാൻ സുവ്യക്തമായ്
ഭാരതീയാദർശങ്ങൾക്കുത്തമനിദർശന-
മായിട്ടും രംഗമേകം കാണുന്നു മനോഹരം.
ആവിലമനസ്സോടേ മേവുന്നു ജയസിംഹൻ
മീവാറിന്നധീശ്വരൻ സ്വർണ്ണസിംഹാസനത്തിൽ.
അന്തികത്തമരുന്നു സാദ്ധ്വിയാം റാണിയാളും
കാന്തൻതൻവക്ത്രം നോക്കിയുൾകണ്ഠാവിവശയായ്.
വന്മേഘനിരകളാലിരുളും വാനിങ്കലും
തന്മൃദുസ്മിതം പകർത്തീടുമാറണഞ്ഞിടും
പൊന്നുഷസ്സിന്നൊത്ത രാമണീയകംപൂണ്ട
സുന്ദരീമണിയായോരാരോമലാളൊന്നതാ,
ദുഃഖിതപിതാക്കൾക്കുമുമ്പിലായ്ത്തെല്ലും ദുഃഖ-
മേല്ക്കാതെ പുഞ്ചിരി പൊഴിച്ചു നിന്നീടുന്നു.
ആരാണിക്കുമാരിയാൾ? ഭാരതമാതാവിന്റെ
ചാരുസൽകീർത്തിയണിഞ്ഞുള്ളൊരപ്പുതക്കമോ?
“കൃഷ്ണ”യോ?—ഭാവനേ, നീ കൂപ്പുകൈയർപ്പിക്കുക-
ദ്ദിവ്യവിഗ്രഹം നിനക്കദൃശ്യമാകുംമുമ്പേ.
രാജ്യത്തിൻക്ഷേമത്തിനായ് ജീവിതത്യാഗംചെയ്തു
തന്വിയാരിന്നുമെന്നും മരിച്ചുജീവിക്കുന്നു;
ക്രൂരമാം നിജകൃത്യം താതന്നു ലഘുവാക്കി.
ത്തീർത്തോരക്കുമാരിതൻ പാവനചരിതത്തെ,
നിത്യതയിങ്കൽ ഭംഗ്യാ സുവർണ്ണലിപികളി-
ലാപ്രകൃത്യംബയന്നേ കുറിച്ചുവെച്ചുവല്ലോ.
ആയതു താരങ്ങളായ് കർത്തവ്യമൂഢരാകും
ലോകർക്കായിടയ്ക്കവം തുറന്നുകാട്ടിടുന്നു.
മുന്നമേയൊരാൾക്കു തൻപുത്രിയെക്കൊടുക്കാമെ-
ന്നമ്പിലാ നൃപോത്തമൻ വാഗ്ദാനംചെയ്തിരുന്നു.
തൻപുത്രീവരണത്തിന്നാശിക്കുമപരന്നാ-
യെങ്ങനെ നൽകുമിപ്പോളാത്മജയാളെ സ്വയം?
പുത്രിയെക്കൊടുക്കായ്കിൽ തൻരാജ്യക്ഷേമം നിജ-
ശത്രുവാൽ നശിച്ചുപോമെന്നതുമോർത്തു നൃപൻ.
ധർമ്മത്തിന്നപരാഖ്യയാകുമാജ്ജയസിംഹൻ
ധർമ്മസങ്കടത്തിങ്കൽപ്പെട്ടുപോയന്നാദ്യമായ്.

UNIVERSITY LIBRARY
10 OCT 1946
MADRAS.

പൂർവ്വവാഗ്ദാനം ലംഘിച്ചീടുവാൻ മനസ്സാക്ഷി-
യാ നൃപനനുമതിയേകിയതില്ലാ തെല്ലും.
ഒടുവിലുറച്ചു തൻകർത്തവ്യം പാലിപ്പാനായ്,
വെടിയാൻ കേവലം തൻജീവിതാനന്ദത്തേയും.
അത്ഭുതഗുണങ്ങൾക്കൊരാധാരമാകും നിജ-
പുത്രിതൻവധത്തിനായ് തന്നാജ്ഞ നൽകീടുവാൻ,
ഉറച്ചു പിതാവനു കർത്തവ്യവ്രതൻ ഹാ, ഹാ!
കഠിനം നിജകൃത്യമാത്മഹത്യയെക്കാളും!!
മോഹനരസാലത്തിൽപ്പടരേണ്ടതാം മുഗ്ദ്ധ-
മാലതി നൊടിയ്ക്കുള്ളിൽക്കരിച്ചുകളയുവാൻ
സാഹസി നിയതിതൻ ക്രൂരമാം നിശ്ചയത്തോ-
ടാ നൃപൻ യോജിയ്ക്കവേ ഹൃദയം ദുഃഖാന്ധമായ്.
തൻപൂർവ്വപുണ്യത്തിനെ—വാത്സല്യത്തിടമ്പിനെ—
ത്തന്നോമൽക്കൃഷ്ണയെത്താനെങ്ങിനെ നിർദ്ദാക്ഷിണ്യം
മരണകരങ്ങളിലർപ്പിയ്ക്കുമപൂർവ്വാഭ
കലരുമമ്മാണിക്യം കാട്ടാറിൽ പതിയാനോ?
മീവാറിൻപൂർവ്വപുണ്യവല്ലരിയാളെയല്ലോ
മീവാറിൻഭാവിക്ഷേമമോർത്തുതന്നാജ്ഞാസിയാൽ,
വേരറുക്കുവാൻ നൃപൻ പ്രേരിതനായതയ്യോ!
താതവാത്സല്യമേ, നീയെങ്ങിനെ സമ്മതിച്ചു?
ദിനനാഥാനുരാഗയോഗ്യയാം സന്ധ്യാദേവി
രജനീഭൃതത്തെത്താൻ വരിപ്പാൻ നിയുക്തയായ്.
തൽപിതാവനുമതി നൽകിനാൻ മരിക്കുവാ-
നെങ്കിലക്കുമാരിയോ തെല്ലുമേ ശങ്കിയാതെ
താതസമ്മതപൂർവ്വമിഷ്ടനാം വരനെപ്പോൽ
ഹാ! മരണത്തെ സ്വയം വരിച്ചു കൃതാർത്ഥയായ്.
ഈവിധം ഭാരതീയവീരരെ നിജകൃത്യ-
നിർവ്വഹണത്തിലേററം ചഞ്ചലരാക്കീടുവാൻ
ക്രൂരയാം നിയതി! നിൻശ്രമമിങ്ങെല്ലായ്പ്പൊഴും
പാഴിലാണെങ്കിലും നീ വെടിയാ ദുർവ്വിനോദം.
മാതാവേ ഭാരതോർവ്വി! കൃഷ്ണതൻയോഗമോർത്തു
നീയിന്നും പൊഴിയ്ക്കുന്ന ബാഷ്പമെങ്കിലും നൂനം
അത്തരം രത്നം നിന്നിലല്ലാതെ വിളയുകി-
ല്ലുത്തമേ,യാശ്വസിയ്ക്കൂ! ധന്യ നീയന്നുമെന്നും!!

സി. കൌമുദീദേവി, പൂർവ്വവിദ്യാർത്ഥിനി.

# കലാനിർണ്ണയം*

—:o:—

## സൃഷ്ടിയുടെ ഉപയോഗിതയും സുന്ദരതയും

പ്രാകൃതികസൃഷ്ടിയെ നാം സശ്രദ്ധം വീക്ഷിക്കുകയാണെങ്കിൽ കേവലം ഉപയോഗശൂന്യമായ വസ്തു ഒന്നുപോലും നമുക്കു ദൃഷ്ടിഗോചരമാകുന്നതല്ല. പല വസ്തുക്കളുടേയും ഗുണഗണങ്ങളെ നമുക്ക് ഇതുവരേയും ഗ്രഹിക്കുവാൻ സാദ്ധ്യമായിട്ടില്ലെന്നു വരാവുന്നതാണ്. എന്നാൽ നമ്മുടെ ജ്ഞാനഭണ്ഡാഗാരത്തിന്റെ പരിധിക്ക് വികാസം വർദ്ധിക്കുന്നതോടുകൂടി അവയുടെ ഗുണങ്ങളെ നാം അധികമധികം മനസ്സിലാക്കുവാൻ തുടങ്ങുന്നു. പ്രാകൃതികപദാർത്ഥങ്ങളിൽ ഉപയോഗിതയ്ക്കു പുറമെ സുന്ദരത എന്ന ഒരു ഗുണവിശേഷംകൂടി കാണപ്പെടുന്നുണ്ട്. പുഷ്പഫലാദികളിലും, പക്ഷിമൃഗാദികളിലും, കീടപതംഗാദികളിലും, നദീതടാകാദികളിലും ചന്ദ്രതാരങ്ങളിലും എല്ലാം ഓരോ പ്രത്യേകതരത്തിലുള്ള സൌന്ദര്യവിശേഷത്തെ നാം കാണുന്നുണ്ട്. ഇത്രയും പറഞ്ഞതിൽനിന്ന് ലോകത്തിൽ വ്യർത്ഥവും വിരൂപവുമായ വസ്തുക്കൾ ഇല്ലെന്ന് അർത്ഥമില്ല. ഉപയോഗിതയും അനുപയോഗിതയും സുരൂപതയും കുരൂപതയും ആപേക്ഷികഗുണങ്ങളാണ്. ഒന്നിന്റെ അസ്തിത്വത്തിലാണ് മറേറത് പ്രതിഭാസിക്കുന്നത്. ഒന്നിന്റെ അഭാവത്തിൽ മററെ ഗുണത്തിന്റെ ഭാവംതന്നെ മനസ്സിൽ ജനിക്കുന്നതല്ല. എന്നാൽ പ്രായേണ പ്രകൃതിയിൽ മനുഷ്യബുദ്ധിയുടെ പരിധിക്കകം എവിടെ നോക്കിയാലും ഉപയോഗിതയും സൌന്ദര്യവും കാണപ്പെടുന്നതാണ്.

ഇതേപ്രകാരംതന്നെ മനുഷ്യനിർമ്മിതങ്ങളായ കൃത്രിമപദാർത്ഥങ്ങളിലും ഉപയോഗിതയും സുന്ദരതയും കാണുന്നുണ്ട്. ഒരു ചെറുകുടിലിനെ ദൃഷ്ടാന്തമായി എടുക്കാം. അത് ശീതാതപവൃഷ്ടികളിൽനിന്ന് നമ്മെ രക്ഷിക്കുന്നു. ഇത് അതിന്റെ ഉപയോഗിതാംശമാണ്. ആ കുടിൽനിർമ്മാണവിഷയത്തിൽ ബുദ്ധി ഉപയോഗിച്ച് ചില കരകൌശലങ്ങളുംകൂടി പ്രകടിപ്പിക്കുന്നുവെങ്കിൽ ഉപയോഗിതയുടെകൂടെത്തന്നെ സുന്ദരതയും ആഗതമാകുന്നു.

## കലയും അതിന്റെ വിഭാഗങ്ങളും

ഇപ്രകാരം ഏതെങ്കിലും ഒരു വസ്തുവിൽ കൌശലം പ്രയോഗിച്ച് ഉപയോഗിതയും സുന്ദരതയും ഒരേ സമയത്തുതന്നെ പ്രാപ്തമാക്കുന്ന വിദ്യക്കാണ് കല എന്നു പറയുന്നത്, കലതന്നെ പ്രയോജനകല ലളിതകല എന്നിങ്ങനെ രണ്ടുവിധത്തിലുണ്ട്. ആശാരി, മൂശാരി, തട്ടാൻ, കൊല്ലൻ, മൺപണിക്കാരൻ, കല്പണിക്കാരൻ, നെയ്ത്തുകാരൻ തുടങ്ങിയവരുടെ പ്രവൃത്തികൾ പ്രയോജനകലയിൽപ്പെട്ടവയാണ്.

---

* ഹിന്ദിയിൽനിന്ന്

1. വാസകല അല്ലെങ്കിൽ മന്ദിരനിർമ്മാണം 2. മൂർത്തികല അല്ലെങ്കിൽ തക്ഷണകല (കല്ല് മരം മുതലായവയെക്കൊണ്ട് രൂപങ്ങൾ നിർമ്മിക്കൽ) 3. ചിത്രകല 4. സംഗീതകല 5. കാവ്യകല എന്നിങ്ങനെ അഞ്ചു ഉപഭേദങ്ങൾ ലളിതകലയ്ക്കുമുണ്ട്. പ്രയോജനകലാദ്വാരാ മനുഷ്യൻെറ ആവശ്യകതകൾക്ക് പൂർണ്ണത്വം ലഭിക്കുന്നുവെങ്കിൽ രണ്ടാമത് പറഞ്ഞ ലളിതകലാദ്വാരാ അവന്ന് അലൌകികാനന്ദപ്രാപ്തി ലഭ്യമാകുന്നു. ഇവരണ്ടും അവൻെറ ഉന്നതിയുടേയും വികാസത്തിൻെറയും ദ്യോതകങ്ങളാണ്. ഒന്നു മനുഷ്യൻെറ ശാരീരികവും ആർത്ഥികവുമായ ഉന്നതിയോടാണ് ബന്ധപ്പെട്ടിട്ടുള്ളതെങ്കിൽ മററത് അവൻെറ മാനസികവികാസവുമായാണ്. ഇതേ ഭേദമുള്ളു.

ഉപയോഗപ്രദമായ ഒരു വസ്തുവിന്ന് സൌന്ദര്യം കൂടിയേ കഴിയൂ എന്ന് നിർബന്ധമില്ല. പക്ഷെ മനുഷ്യൻ സൌന്ദര്യോപജീവിയാണ്. അവൻ സദാ ഉപയോഗപ്രദങ്ങളായ വസ്തുക്കളെ സുന്ദരവുംകൂടി ആക്കിത്തീർക്കുവാൻ യഥാശക്തി ശ്രമിച്ചുകൊണ്ടിരിക്കുന്നു. അതിനാൽ ഒരേ സമയത്തുതന്നെ ഉപയോഗപ്രദവും സുന്ദരതരവുമായ വസ്തുക്കൾ ലോകത്തിൽ ധാരാളമുണ്ടായിട്ടുണ്ട്. പൂർണ്ണരൂപത്തിൽ ഉപയോഗികളല്ലെങ്കിലും തികച്ചും സുന്ദരങ്ങളായ വസ്തുക്കളും ദുർല്ലഭമല്ല.

മനുഷ്യന്ന് അവൻെറസുഖസൌകര്യങ്ങൾക്കായി ഭക്ഷണം, വസ്ത്രം, ഗൃഹം, വാഹനം എന്നിങ്ങനെ പലേ വസ്തുക്കളും ആവശ്യമായിരിക്കുന്നു. ഈ ആവശ്യങ്ങളുടെ നിർവ്വഹണത്തിന്ന് പ്രയോജനകലകൾ അത്യന്താപേക്ഷിതങ്ങളാണ്. മനുഷ്യൻ പരിഷ്കാരത്തിൻെറ സോപാനത്തിൽക്കൂടി മേലോട്ട് കയറിപ്പോകുംതോറും അവൻെറ ആവശ്യങ്ങളും വർദ്ധിക്കുന്നു. ഈ ഉന്നതിയോടൊപ്പം അവൻെറ സൌന്ദര്യബോധം വർദ്ധിക്കുകയും അതുമൂലം അവന്ന് തൻെറ മാനസികതൃപ്തിക്കായി സുന്ദരതയെ ആവിർഭവിപ്പിക്കേണ്ടിവരികയുംചെയ്യുന്നു. അങ്ങിനെ ചെയ്യാതെ അവന്ന് ഒരിക്കലും മനസ്സംതൃപ്തി ലഭിക്കുന്നതല്ല. ഏതൊരു വസ്തുവിനെക്കാണുമ്പോൾ മനസ്സ് പ്രസന്നമായിത്തീരുന്നില്ലയോ ആ വസ്തുവിനെ സുന്ദരമെന്ന് ഒരിക്കലും പറഞ്ഞുകൂട. ഇതുകാരണമാണ് വ്യത്യസ്തദേശങ്ങളിലെ ജനങ്ങൾ തങ്ങളുടെ പരിഷ്കാരത്തിൻെറ തോതനുസരിച്ച് സുന്ദരതയുടെ ആദർശത്തെ സ്ഥിരീകരിക്കുന്നത്. കാരണമെന്തെന്നാൽ എല്ലാവരുടേയും മനസ്സ് ഒരുപോലെ സംസ്കൃതങ്ങളല്ല. -

കെ. പത്മാവതി,
സീനിയർ ഇൻറർമീഡിയററ്.

# സോവിയററ റഷ്യ*

ഇന്നത്തെ ലോകം ആവേശത്തോടും ബഹുമാനത്തോടുംകൂടി നോക്കിക്കൊണ്ടിരിക്കുന്ന സോവിയററ റഷ്യയിലെ സ്ഥിതിഗതികളെ സംബന്ധിച്ചു അല്പമെങ്കിലും പ്രസ്താവിക്കുന്നതു് അസ്ഥാനത്താവുകയില്ല.

ജോസഫ് സ്റ്റാലിനും സഹപ്രവർത്തകന്മാരായ ഒമ്പതുപേരുംകൂടിയാണ് യൂനിയൻ ഓഫ് സോവിയററ സോഷ്യലിസ്റ്റ് റിപ്പബ്ളിക്ക്സിലെ (U. S. S. R.) ഭരണചക്രം തിരിക്കുന്നതു്. സ്റ്റാലിൻ, മൊളോട്ടോവ്, വൊറോഷിലോവ്, മാലെൻകോവ് എന്നീ നാലുപേരടങ്ങിയതാണ് അവിടത്തെ രാജ്യരക്ഷാകമ്മററി. (State Defence Committee). ഇവരും മററു നാലുപേരുംകൂടിയുള്ള സഭയാണു പൊളിററിക്കൽ ബ്യൂറോ. (Political Bureau of the All-Union Communist party.) ഭരണഘടനപ്രകാരം എല്ലാം അധികാരങ്ങളും Supreme Council (പാർല്ലിമെണ്ടിനും) Council of People's Commissar (മന്ത്രിസഭ)യ്ക്കും ചേർന്നതാണെങ്കിലും Politic Bureauവിനു സർവ്വാധികാരം അനുവദിക്കപ്പെട്ടിരിക്കുന്നു. പൊളിററ് ബ്യൂറോവിൻെറ ഭൂരിപക്ഷാഭിപ്രായപ്രകാരമാണു റഷ്യയിൽ ഭരണം നടക്കുന്നതു്. അതിലെ അംഗങ്ങൾ, സ്റ്റാലിൻ, മൊളോട്ടോവ്, ആൻഡ്റിയോവ്, മാലൻകോവ്, സ്ഡാനോവ്, ബെറിയ, വൊറോഷിലോവ്, കഗ്നോവിച്ച്, മിക്കോയൻ, കലിനീൻ ഇവരാണ്. കലിനിനാണു President of the Supreme Council (യു. എസ്. എസ്. ആറിൻെറ അദ്ധ്യക്ഷൻ)

1917-ലെ സുപ്രസിദ്ധമായ തൊഴിലാളിവിപ്ലവത്തിനുശേഷം റഷ്യയിൽ നാനാതരങ്ങളായ മാററങ്ങളുമുണ്ടായിട്ടുണ്ട്. വ്യവസായപരമായും, കലാപരമായും, ഏററവും താഴ്ന്നനിലയെ പ്രാപിച്ചിരുന്ന അന്നത്തെ റഷ്യ ഇന്നു് ഏററവും വലിയ വൈയവസായിക രാജ്യങ്ങളിലൊന്നായിത്തീർന്നിട്ടുണ്ട്. റഷ്യയിലെ കല, സാഹിത്യം എന്നിവ ആധുനികലോകത്തിനു മാതൃകായോഗ്യമാണ്.

ആധുനികലോകത്തിന്നു് അനുകരണീയവും മാതൃകായോഗ്യവുമായ റഷ്യൻ സാഹിത്യത്തെക്കുറിച്ചു രണ്ടു വാക്കു പറഞ്ഞുകൊള്ളട്ടെ. ആംഗല സാഹിത്യത്തെയോ, ഗ്രീക്ക് സാഹിത്യത്തെയോ പോലുള്ള ഒരു നീണ്ട ചരിത്രം റഷ്യൻ സാഹിത്യത്തിന്നില്ല. ജീവിതത്തെ അതേപടി കാവ്യങ്ങളിൽ പകർത്തിയ, യാഥാർത്ഥ്യത്തെ ലോകസമക്ഷം തുറന്നു കാട്ടിയ വിശ്വസാഹിത്യകാരന്മാരായ ഡാസ്റ്റവസ്കി, പുഷ്കിൻ, ടോൾസ്റ്റോയി എന്നിവരുടെ ചരിത്രമാണു റഷ്യൻ സാഹിത്യത്തിൻെറ ചരിത്രം. നക്ഷത്രങ്ങളോടും മേഘങ്ങളോടും സംസാരിക്കുവാനും, തൂവെള്ളിവീശുന്ന ചന്ദ്രികയെ വർണ്ണിപ്പാനും, രാജാക്കന്മാരേയും, പ്രഭുക്കന്മാരേയും വാനോളം പുകഴ്ത്തി സ്വയം ചാരിതാർത്ഥ്യംകൊള്ളുവാനും, സ്ത്രീകളുടെ പട്ടുസാരിയിൽ 'ദിവ്യത്വം' കണ്ടു അതിൻെറ പിന്നാലെ പറവാനും ശ്രമിക്കുന്നതിനു പകരം റഷ്യൻ സാഹിത്യകാരന്മാർ മനുഷ്യജീവിതത്തിൻെറ ജീർണ്ണിച്ച വശങ്ങൾ, മുതലാളിത്വത്തിൻെറ അക്രമങ്ങൾ, ഗവമ്മേണ്ടിൻെറ പൈശാചികമർദ്ദനങ്ങൾ, സമുദായഘടനയുടെ ക്രമക്കേടുകൾ ഇവയെല്ലാം അവരുടെ കാവ്യങ്ങളിൽ ചിത്രീകരിച്ചു. പട്ടിണികൊണ്ടും മർദ്ദനംകൊണ്ടും നരകിക്കുന്ന കർഷകക്കിടയിൽ ജീവിച്ച ഇവർ കലയെക്കാളും ജീവിതത്തിനു പ്രാധാന്യം നൽകി.

റഷ്യയിൽ സ്ത്രീസമുദായത്തിൻെറ അത്ഭുതപൂർവ്വമായ ഉണർവ്വാണു ലോകത്തെ മുഴുവൻ അമ്പരപ്പിച്ചതു്. സ്ത്രീകൾ അബലകളാണ്, പുരുഷന്മാരെപ്പോലെ അവർക്കു പ്രവർത്തിക്കുവാൻ സാധിക്കുകയില്ല എന്ന വാദത്തിനു സോവിയററ വനിതകൾ മറുവടിനൽകുന്നു. പട്ടാളത്തിൽ കമാണ്ടർമാരായും, റിസർവ്വ് ഉദ്യോഗസ്ഥകളായും, പാരച്യൂട്ട് പടയാളികളായും പരിശീലനം സമ്പാദിച്ചിട്ടുള്ള സ്ത്രീകൾ സോവിയററ റഷ്യയിൽ സുലഭമാണ്. 170 സ്ത്രീകൾ കമാണ്ടിങ്ങ് ഓഫീസർമാരായും, 10 ലക്ഷം സ്ത്രീകൾ പാരച്യൂട്ട് പടയാളികളായും പരിശീലനം നേടിയിട്ടുണ്ട്. ട്രാം ഡ്റൈവർ

---

* ഇതിലെ കണക്കുകൾ യുദ്ധത്തിനു മുമ്പുള്ളവയാണ്. ഇന്നു അവ എത്രയോ അധികം വർദ്ധിച്ചിട്ടുണ്ട്—ലേഖകൻ.

മാരായും, കണ്ടക്ടർമാരായും, പൈലറ്റ്മാരായും റഷ്യൻ സ്ത്രീകൾ ജോലിചെയ്യുന്നു. സോവിയറ്റ് റഷ്യയിൽ 53 000 ശാസ്ത്രജ്ഞരായ വനിതമാർ പ്രാക്ടീസ് ചെയ്യുന്നു. സാങ്കേതിക പരിശീലനം (Techinical course) കഴിക്കുന്നവരിൽ 50 ശതമാനം വിദ്യാർത്ഥിനികളാണ്.

മറ്റു രാഷ്ട്രങ്ങളെക്കാൾ കൂടുതൽ സോവിയറ്റ് റഷ്യയിലെ സ്ത്രീകൾ രാഷ്ട്രീയകാര്യങ്ങളിൽ പങ്കെടുക്കുന്നു. വിപ്ലവസംരംഭത്തെ സഹായിപ്പാനായി റഷ്യൻ പാർല്ലിമെണ്ടിൽ 189 സ്ത്രീമെമ്പർമാരുണ്ട്. റഷ്യയിൽ ആകെ 900 സ്ത്രീമെമ്പർമാർ സ്ത്രീസമുദായത്തിന്റെ പ്രതിനിധികളായി കൌൺസിൽഹാളുകളിലിരിക്കുന്നു. സർട്ടിഫിക്കറ്റ് ലഭിച്ച 53,000 സ്ത്രീഡോക്ടർമാർ റഷ്യയിലുണ്ട്.

മുതലാളിത്വരാഷ്ട്രങ്ങളിൽ സ്ത്രീകൾ മതത്തിന്റേയും, സ്വാർത്ഥത്തിന്റേയും പേരിൽ അടിച്ചമർക്കപ്പെടുമ്പോൾ സോവിയറ്റ് റഷ്യയിൽ സ്ത്രീകൾക്കു പുരുഷന്മാരോടൊപ്പം വളരുവാനുള്ള സർവ്വസ്വാതന്ത്ര്യങ്ങളും അനുവദിക്കപ്പെടുന്നു.

സോവിയറ്റ് റഷ്യയിലെ വിദ്യാഭ്യാസത്തെക്കുറിച്ചു പറയുകയാണെങ്കിൽ അതു നമ്മെയെല്ലാം ആവേശംകൊള്ളിക്കും. നിരക്ഷരതയോടും, അജ്ഞതയോടും സോവിയറ്റ് റഷ്യ പോരാടിയ പോരാട്ടം മറ്റെല്ലാ രാജ്യങ്ങൾക്കും ഒരുത്തമനേതൃത്വം നൽകുന്ന ഒന്നാണ്. വെറും രണ്ടു ദശാബ്ദങ്ങൾകൊണ്ടു സോവിയറ്റ് റഷ്യയിലുണ്ടായ വിദ്യാഭ്യാസാഭിവൃദ്ധി മുതലാളിത്വ രാഷ്ട്രങ്ങളിൽ രണ്ടു നൂറ്റാണ്ടുകൾകൊണ്ടുണ്ടായതിനേക്കാൾ അധികമാണ്. 1917-ൽ, കമ്മ്യൂണിസ്റ്റ്പാർട്ടി അധികാരത്തിൽ വന്ന സമയത്തു, 80 ശതമാനം ജനങ്ങൾ നിരക്ഷരകുക്ഷികളായിരുന്നു. 1933-ൽ 90 ശതമാനം ജനങ്ങളും അക്ഷരാഭ്യാസമുള്ളവരായിതീർന്നു. ഇന്നാകട്ടെ നൂറു ശതമാനം ജനങ്ങൾ വിദ്യാഭ്യാസം സിദ്ധിച്ചവരാണ്. വിപ്ലവത്തിനു മുമ്പു 70 ലക്ഷം വിദ്യാർത്ഥികളാണ് പബ്ലിക്ക് സ്കൂളുകളിൽ പഠിച്ചിരുന്നതു്. അതിപ്പോൾ 3 കോടിയായി വർദ്ധിച്ചിരിക്കുന്നു. സാമാന്യ ജനങ്ങൾ ഇന്ന് ഉൽകൃഷ്ടമായ സംസ്കാരത്താൽ അനുഗ്രഹീതരാണ്. സാർ ഭരണകാലത്തു പ്രഭുകുമാരന്മാർക്കും, രാജകുടുംബങ്ങൾക്കും മാത്രം പ്രവേശനം അനുവദിക്കപ്പെട്ടിരുന്ന ശാസ്ത്രം, കല എന്നീ വകുപ്പുകളിൽ ഇന്നു സാധാരണ ജനങ്ങൾക്കു പ്രവേശിക്കാമെന്നായി. പണ്ടു അലഞ്ഞുനടന്നിരുന്ന എത്രയോ ആയിരം ജനങ്ങൾ സോവിയറ്റ് ഭരണത്തിൻകീഴിൽ കലാകാരന്മാരും, ശാസ്ത്രജ്ഞന്മാരുമായിത്തീർന്നിട്ടുണ്ട്. വമ്പിച്ച സിനിമാശാലകളും, പുസ്തകാലയങ്ങളും, വായനശാലകളുംകൊണ്ടു സോവിയറ്റ് പട്ടണങ്ങൾ സമലംകൃതമായിത്തീർന്നിട്ടുണ്ട്.

കൃഷിയുടെ കാര്യം എടുക്കുകയാണെങ്കിൽ ഏറ്റവും വലിയ അഭിവൃദ്ധിയാണവിടെ ഉണ്ടായിട്ടുള്ളത്. പഞ്ചവത്സരപദ്ധതിക്കു മുമ്പു (Fiveyear plan) റഷ്യയിൽ പത്തുലക്ഷം ഗ്രാമങ്ങളിലായി ചിന്നിച്ചിതറിക്കിടന്നിരുന്ന രണ്ടുകോടി അമ്പതുലക്ഷം ചെറിയ ചെറിയ കൃഷിസ്ഥലങ്ങളുണ്ടായിരുന്നു. പദ്ധതിയുടെ ഫലമായി കൂട്ടുകൃഷി (Collective Farming) നടപ്പിൽവന്നു, വിദ്യുച്ഛക്തികൊണ്ടും യന്ത്രംകൊണ്ടും കൃഷി പരിഷ്കരിപ്പിച്ചു. നമ്മുടെ രാജ്യത്ത് നുകംകൊണ്ടു കൃഷിചെയ്യുമ്പോൾ റഷ്യ ടാക്ടർ (ഒരുതരം മോട്ടോർയന്ത്രം) കൊണ്ടും മറ്റു പരിഷ്കരിച്ച യന്ത്രങ്ങൾകൊണ്ടും കൃഷി നടത്തുന്നു.

ഫാസിസ്റ്റ് കൂലിപ്പട്ടാളത്തെ കിടുകിടെ വിറപ്പിച്ചുകൊണ്ടിരിക്കുന്ന—നമുക്ക് ആവേശവും, ധൈര്യവും, മനക്കരുത്തും പ്രദാനംചെയ്യുന്ന — ചുവപ്പു സേന സോവിയറ്റ് റഷ്യയുടെ മറ്റൊരു സൃഷ്ടിയാണ്. അക്രമങ്ങൾക്കും, തെമ്മാടിത്തങ്ങൾക്കും കുപ്രസിദ്ധി നേടിയ ഹിറ്റ്ലരുടെ S S. Troops (എസ്. എസ് പട്ടാളങ്ങളെ)പ്പോലും മുട്ടുകുത്തിച്ച ചുവപ്പു പട്ടാളത്തിന്റെ ധീരത നമുക്കെല്ലാം സുപരിചിതമാണ്. അറുപതും, എഴുപതും വയസ്സായ മദ്ധ്യവയസ്കന്മാരാണു മറ്റു രാജ്യങ്ങളിലെ പട്ടാള നേതൃത്വം വഹിക്കുന്നതെങ്കിൽ, ചെറുപ്പക്കാരായ പട്ടാള നേതാക്കന്മാരാണു ചുവപ്പു സേനയുടെ നായകന്മാർ. ധീരതകൾക്കും, വിജയങ്ങൾക്കും പേരുകേട്ട ടിമോഷൻകോ, ബുഡാനി, വൊറോഷിലോവ്, റസ്സോവസ്കി, സുക്കോവ് എന്നിവരാണു റഷ്യൻ പട്ടാളനായകന്മാർ. പട്ടാളങ്ങളും, നാട്ടുകാരും യോജിച്ചാൽ എങ്ങിനെ തങ്ങളുടെ നാട്ടു അക്രമങ്ങളിൽനിന്നും രക്ഷിക്കാമെന്നു

ചുവപ്പു സേന നമുക്ക് കാണിച്ചുതരുന്നു. ഇന്നു ഏററവും സംസ്കാരവും, വിദ്യാഭ്യാസവുമുള്ള പട്ടാളക്കാർ റഷ്യയിയെ ചുവപ്പു പടയും, ചൈനയിലെ ദേശീയഭടന്മാരുമാണ്. സോവിയററ റഷ്യയിലെ ഭരണാധികാരിയും നേതാവും സഖാവു സ്റ്റാലിനാണ്. ജോസഫ് വിസ്സാരിയേം നോവിച്ച് സ്റ്റാലിൻ (സ്റ്റാലിൻെറ മുഴുവൻ പേർ) ഇന്നു നമുക്കെല്ലാം സുപരിചിതനാണ്. സ്റ്റാലിൻ എന്ന റഷ്യൻ പദത്തിൻെറ അർത്ഥം ഉരുക്ക് എന്നാണ്. ഏററവും മര്യാദയോടും വിശ്വസ്തതയോടുംകൂടി പെരുമാറുകയും, കാര്യങ്ങൾ തുറന്നു പറയുകയും ചെയ്യുന്ന മറെറാരാളെ താൻ കണ്ടിട്ടില്ലെന്നു വിശ്വവിശ്രുതനായ എച്ച്. ജി. വെൽസും, കാര്യങ്ങൾ സൂക്ഷ്മമായി പഠിക്കുന്ന 'ഏററവും ധീരനായ ഒരാൾ സ്റ്റാലിനാണ്' എന്നു ബ്രിട്ടീഷു വിദേശകാര്യമന്ത്രി ആൻറണി ഈഡനും പറയുന്നു.

സ്റ്റാലിൻേറയും, ബോൾഷെവിക്ക് പാർട്ടിയുടേയും മഹനീയമായ നേതൃത്വത്തിൽ സോവിയററ റഷ്യ അനുനിമിഷം അഭിവൃദ്ധിപ്പെട്ടുമെന്നു നമുക്കാശിക്കാം.

എൻ. അഹമ്മദ്കോയ VI ബി.

---

വെറുകഥ.

# ആ വിചിത്രചരിത്രം

മണിപന്ത്രണ്ടടിച്ചു. ഉറക്കം തീരേവരുന്നില്ല. ഞാൻ രണ്ടാമതും ചരിത്രപുസ്തകമെടുത്തു—ഔറംഗസീബ് ചക്രവർത്തിയുടെ അന്തിമനിമിഷങ്ങൾ, അദ്ദേഹത്തിൻെറ അമൂല്യസന്ദേശം, റാണാപ്രതാപസിംഹൻെറ ആത്മാർപ്പണം ഇവ എൻെറ ഹൃദയത്തിൽ തറച്ചുകയറി. ഒരു സുഹൃത്തിൻെറ അമ്മ മരിച്ചുപോയതിനെപ്പററിയുള്ള ചിന്ത എന്നെ വല്ലാതെവ്യാകുലപ്പെടുത്തിക്കൊണ്ടിരുന്നു.

ടിക്ക്—ടിക്ക്—ടിക്ക് വാതിൽ ആരോ മുട്ടുന്ന ശബ്ദംകേട്ടു.

"വേണ്ട, വാതിൽ സാക്ഷയിട്ടിട്ടില്ല. തുറന്നോളൂ" എന്നു ഞാൻ പറഞ്ഞതും ഒരു സ്ത്രീ വാതിൽ തുറന്നു അകത്ത് കടന്നതും ഒന്നിച്ചുകഴിഞ്ഞു.

രാത്രി സമയം. ലോഡ്ജിൽ വേറെ ആരുമില്ല. എൻെറ മനസ്സിൽ എന്തെല്ലാമോതോന്നി—കൂടാതെ മരണചിന്തയും. എല്ലാംകൂടി ഞാൻ സ്വപ്നംകാണുന്നതാണെന്ന് എനിക്കുതോന്നി. വാസ്തവത്തിൽ എന്തോ ഒരു ഭയമായിരുന്നു എനിക്കപ്പോൾ.

ആ സ്ത്രീയാവട്ടെ ഒരു ശങ്കയുംകൂടാതെ അവിടെക്കിടന്ന ഒരു കസേലയിൽ ഇരുന്നു. അവളുടെ മുഖം വ്യസനത്തിൻെറ മൂർത്തീഭാവമോ എന്നു തോന്നിക്കത്തക്കവണ്ണം ശോകരസംനിറഞ്ഞതായിരുന്നു.

കുറഞ്ഞമൌനത്തിന്നുശേഷം ഞാൻ ചോദിച്ചു "നിങ്ങളാരാണ്? ഇവിടെ എന്തിനാണ് വന്നത്?"

"സോദര, എനിക്ക് അരമണിക്കൂറിവിടെ ഇരിക്കാനനുവാദം തരണം. എന്നോടു അധികം ചോദിക്കാതേയും ഇരിക്കണം. ഇതെൻെറ ഒടുക്കത്തെ അഭ്യർത്ഥനയാണ്" അവളുടെ സ്വരം വിറച്ചിരുന്നു.

എനിക്ക് യാതൊന്നും മനസ്സിലായില്ല. പക്ഷെ ആദ്യം ജനിച്ച നീരസം അല്പംകുറഞ്ഞു. ഞാൻ എൻെറ ചോദ്യം ആവർത്തിച്ചപ്പോൾ അവൾ എൻെറ നാട്ടുകാരിയാണെന്നും, ഗർഭിണിയാണെന്നും, ആത്മഹത്യക്ക് ഒരുമ്പെട്ടവളാണെന്നും എനിക്ക് മനസ്സിലാക്കാൻ സാധിച്ചു.

മരണം! വീണ്ടും എൻെറ ചിന്തകൾ പതറാൻ ശ്രമിച്ചു.

ദീർഘമൌനത്തിന്നുശേഷം ഞാൻ പറയാൻ തുടങ്ങി. ആത്മഹത്യ മഹാപാപമാണെന്നും, മഹാനരകമാണ് അതിന്നു ലഭിക്കുന്ന ശിക്ഷയെന്നും ഞാൻ വാദിച്ചു.

''സോദര'' അവൾ തുടങ്ങി ''നിങ്ങൾക്ക് വാദിക്കാൻ നല്ലവണ്ണമറിയാം. അല്ലെങ്കിൽ വിദ്യാർത്ഥികളെല്ലാംതന്നെ യഥാർത്ഥ ജീവിതനരകമറിയുന്നതുവരെ നല്ല പ്രാസംഗികന്മാരായിരിക്കും. ആത്മഹത്യ പാപമാണെങ്കിൽ ഏതാണ് പാപമല്ലാത്തത്? ഈ നശിച്ച നരകിച്ച മനുഷ്യരുടെ ഇടയിൽ മാനത്തോടുകൂടി ജീവിക്കാൻ വയ്യാത്ത ഒരു സാധു, മരണത്തെ സ്വയംസ്വീകരിക്കാതെ, അപമാനത്തിന്നു കീഴടങ്ങി, കാണുന്നവരെ ചിരിപ്പിച്ചുകഴിക്കണം അല്ലേ? അത് പുണ്യം, സ്വന്തരക്ഷ തേടുന്നത് പാപം അല്ലേ? നല്ലനിയമങ്ങൾ !',

അവൾ ചിരിച്ചു. പക്ഷെ മരണത്തിന്റെ ചിരിയായിരുന്നു അത്.

ഞാൻ വിട്ടില്ല. വീണ്ടും വീണ്ടും ആ സാധു സ്ത്രീയെ പിൻവലിപ്പിപ്പാൻ ശ്രമിച്ചു. എന്റെ പ്രസംഗപരമ്പരകൾ അവളുടെ യുക്തിവാദക്കാററിൽ ശകലീകൃതമായി. ഒടുവിൽ അവൾ കടലിൽ ചാടാൻ ഒരുങ്ങിയിരിക്കയാണെന്നും ബിററ് കൺസ്റ്റബിൾ സ്ഥലം വിടുന്നതു കാത്തിരിക്കയാണെന്നും എനിക്ക് ദൃഢപ്പെട്ടു.

ഞാൻ എഴുന്നേററു. എനിക്കു എന്താണ് ചെയ്യേണ്ടതെന്നു നിശ്ചയമുണ്ടായിരുന്നില്ല. ജനലിന്നരികെ ചെന്നു പൂനിലാവുംകണ്ടുകൊണ്ടു അവിടെ ചാഞ്ഞു. മരണത്തിന്റെ ചിന്ത എന്റെ ഹൃദയം മുഴുവനും നിറഞ്ഞിരുന്നു.

ഒടുവിൽ അവൾ പുറപ്പെട്ടു ''വിശ്വസ്തനായ സ്നേഹിതാ! നിങ്ങൾക്കു വന്ദനം'' എന്നും പറഞ്ഞു വാതില്ക്കലേക്കായി നീങ്ങി. പെട്ടെന്നു ഓടി ഞാൻ വാതിലടച്ചുംകൊണ്ടു ഗർജ്ജിച്ചു ''നിങ്ങളെ ഞാനിപ്പോൾ പോലീസിനെ ഏല്പിക്കും.''

അവളുടെ മുഖം അപ്പോൾ കാണേണ്ടതായിരുന്നു. പുച്ഛരസത്തിന്റെ പരിപൂർണ്ണ അവതാരമായിരുന്നു, ആസ്ഥിതിയിൽ അവൾ. അവൾ ഒരു നന്നത്തഭാഷയിൽ—പക്ഷെ ഗംഭീരസ്വരത്തിൽ തുടങ്ങി ''വഞ്ചക, ചതിയ നിങ്ങളങ്ങിനെ ചെയ്യുമെന്നു എനിക്ക് സംശയമുണ്ടായിരുന്നു. പുരുഷജീവികളിൽ ഒരൊററ എണ്ണംപോലും വിശ്വാസയോഗ്യനല്ല.''

ഒരു സ്ത്രീയുടെ നാക്കിൽനിന്നു—അതും അവൾക്കുവേണ്ടി—ലഭിച്ച ആദ്യത്തെ സമ്മാനമായിരുന്നു അത്. എന്റെ അഭിമാനം അവളെ അറബിക്കടലിലേക്കോ, മറേറതു നരകക്കടലിലേക്കോ തൽക്ഷണം അയക്കാൻ തയ്യാറായി. പക്ഷെ ഏതോ ഒരു ധർമ്മബോധം വീണ്ടും എന്നെ മുൻസ്ഥിതിയിലാക്കി.

ഒന്നുകൊണ്ടും ഞാൻ വ്യതിചലിക്കയില്ലെന്നു കണ്ടപ്പോൾ അവൾ മടിയിൽനിന്നു ഒരു കഠാരം ഊരി എന്റെ കഴുത്തിന്നുനേരെ ഓങ്ങിക്കൊണ്ടു ചോദിച്ചു? വാതില്ക്കൽനിന്നു മാറുന്നുവോ അല്ല മരലോകത്തിലേക്ക് പുറപ്പെടുന്നുവോ?

എനിക്ക് ലോകം ഒന്നിച്ചു കീഴ്മേലായി മറിയുന്നപോലെ തോന്നി. ഏറുകൊണ്ട പട്ടിയെപ്പോലെ ഞാൻ പിന്മാറി.

സാക്ഷ വലിച്ചൂരുവാൻ അല്പം ശ്രമപ്പെടേണ്ടിയിരുന്നു. അതുതന്നെ തരമെന്നുകരുതി ഞാൻ ഒരടി അടിച്ചതും കഠാരി ദൂരെതെറിച്ചു വിളക്കിന്റെ കുപ്പിയിൽ തട്ടിയതും അതുടഞ്ഞതും എല്ലാമൊന്നിച്ചു കഴിഞ്ഞു.

കഠാരി എടുത്തപ്പോൾ അത് എന്റെ കഠാരിതന്നെ ആയിരുന്നുവെന്നെനിക്കു മനസ്സിലായി. ജനലിൽക്കൂടെ ഞാൻ അത് പുറത്തേക്കെറിഞ്ഞു വാതിൽ സാക്ഷക്കരികെ നിലകൊണ്ട് അലറി: ''പോലീസ്സിനെ വിളിക്കണോ അല്ല മര്യാദയ്ക്ക് ടൌണിലേക്ക് പോവുന്നോ?''

ഠിം—എന്റെ ചെകിടത്ത് ഒരായിരം കുതിരശക്തിയോടുകൂടി ഒരുകൈ പതിച്ചു. അല്പമൊന്ന് അനങ്ങുവാൻ സാധിക്കുന്നതിന്നുമുമ്പ് രണ്ടെണ്ണംകൂടി കിട്ടിക്കഴിഞ്ഞു.

ഒരു പെണ്ണിന്റെ കൈക്ക് ഇത്ര ഊക്ക് ഉണ്ടായിരിക്കുമെന്നു ഞാൻ സ്വപ്നത്തിൽകൂടി വിചാരിച്ചിരുന്നില്ല. കഴുത്തിൽനിന്നു രക്തം ഒലിക്കുവാൻ തുടങ്ങി. അപമാനവും വേദനയും, ശത്രുവിന്റെ അബലാത്വം എന്നെ വിസ്മയിപ്പിച്ചു. എന്റെ സർവ്വ നാഡികളിലും രക്തം തിളച്ചുകയറി, ഒരൊററ ചാട്ടത്തിന്നു ഞാൻ അവളെ നിലംപതിപ്പിച്ചു. അതോടുകൂടി ഒരടിയും.

പെട്ടെന്നു എൻെറ ശത്രു എഴുന്നീററു. ഠിം—ഠിം—ഠിം... ഒരു ഡസൻ അടികൾ ഒരു സെക്കണ്ടിൽതന്നെ പാസാക്കി. ഞാനും നിലംപതിച്ചു.

വേദനയും, മനോവേദനയുംകൂടി ഞാൻ വല്ലാതെ കഷ്ടപ്പെട്ടു. സൂക്ഷിച്ചുനോക്കിയപ്പോൾ ആ രണ്ടുകണ്ണുകൾ എൻെറ ചലനത്തെ ഉററുനോക്കുകയാണെന്നു് എനിക്കു് മനസ്സിലായി. വാസ്തവത്തിൽ അപ്പോളെനിക്കുണ്ടായിരുന്ന കോപം വിവരിക്കാൻ പ്രയാസമാണു്. ചെറിയ ഒരു ചലനം പോലും അവൾക്കുകാണാൻ കഴിയുമായിരുന്നു, അല്പം ഇളകിയാൽ കിട്ടുന്നതു് ഭയങ്കരമായിരിക്കുമെന്നു ഞാനും ഊഹിച്ചു.

പെട്ടെന്നു പുറകോട്ടുമാറി ഞാൻ ചാടി എഴുന്നേററു. അവൾ ഓങ്ങിയിരുന്ന അടി വായുവിൽതന്നെ ലയിച്ചു. പിന്നീടു് എൻെറ അവസരമായിരുന്നു. എനിക്കുള്ള സകല ശക്തിയും ക്രൂരതയുമുപയോഗിച്ചു ഞാനൊരടി അടിച്ചു. അതോടുകൂടി അവൾ നിലംപതിച്ചു.

പൊട്ടിയവിളക്കുകത്തിക്കാൻ കീശയിൽനിന്നും തെറിച്ച തീപ്പെട്ടി ഞാനുരച്ചു. അതോടുകൂടി എൻെറ അത്ഭുതം ഇരട്ടിച്ചു. അവളുടെ തലമുടിക്കെട്ടു—അല്ല അവൻെറ കൃത്രിമവേഷം ദൂരെ തെറിച്ചിരുന്നു.

അറബിക്കഥകളിലെ അത്ഭുതഘടനകൾപോലെ ഇവയെല്ലാമെനിക്കുതോന്നി. ഉടനെ എൻെറ ശത്രുവന്നു അടിച്ചതും ഞാൻ ദൂരെ തെറിച്ചതും ഒരുമിച്ചു നടന്നു.

അടിയും പിടിയും ലഹളയുമായി അരമണിക്കൂർ കഴിഞ്ഞു. ഒടുവിൽ അവൻ വീണു. എൻെറ കൈക്കുള്ള സകല ശക്തിയും അവൻെറ മുഖത്തെ അറിയിച്ചുംകൊണ്ടു ഞാൻ വിളക്കു് കത്തിച്ചു.

വെളിച്ചത്തിൽ അവൻെറ മുഖഭാവം വ്യക്തമായിക്കണ്ടപ്പോൾ എൻെറ മനസ്സിലുണ്ടായ വികാരങ്ങൾ ഇന്നിന്നവയായിരുന്നു എന്നു വിവരിക്കുവാൻ പ്രയാസം. എൻെറ ഉററ സ്നേഹിതനായിരുന്ന വിജയൻ രക്തത്തിൽ മുങ്ങിക്കിടക്കുന്ന കാഴ്ചയായിരുന്നു ഞാൻ കണ്ടതു് !

എൻെറ ശരീരവും ഒട്ടും ഭേദപ്പെട്ടനിലയിലായിരുന്നില്ല. കുറെ കഴിഞ്ഞശേഷം അയാൾ എഴുന്നേററു. പത്തുദിവസം മുമ്പെ ഏർപ്പാടുചെയ്ത ബലാബല പരീക്ഷയായിരുന്നു അതു് എന്നു എന്നെ വിജയൻ മനസ്സിലാക്കി.

കുറഞ്ഞതു് അരമണിക്കൂറോളം ഞങ്ങളന്നു ചിരിച്ചിരിക്കണം!

എൻ. വി. വെങ്കിടാചലം.



C. M. Antony VI Form

# ബങ്കാളിലെ ദുരവസ്ഥ

(കണ്ണപവ്വരീതി)

സഹോദരന്മാരേ! സഹോദരിമാരേ!
സഹോദരപ്രേമാമലമതികളേ!
ഭരതമേദിനീ ജനനിതന്നുടെ
തിരുനിടലത്തിന്നൊരു തിലകമായ്
പരിലസിച്ചിടും പുകഴ്ന്നബങ്കാളി -
ലൊരുകുറി നിങ്ങൾ തിരിഞ്ഞുനോക്കുവിൻ!
നരകക്കുണ്ടിലെ കൃമികളെപ്പോലെ
നരരനുഭവിച്ചീടുന്ന സങ്കടം
അരക്കയ്യോ കീറപ്പഴന്തുണി ചുററി
തെരുവുകൾതോറുമനവധി ജനം
ഇരക്കുന്നു, ചെറുകിടാങ്ങൾ കഞ്ഞിക്കായ്
കരയുന്നു, പാരം പരവശരായി.
നിരക്കെ വാഴകളടി മുറിച്ചിട്ട
തരത്തിലാളുകൾ നിരത്തുവക്കിലായ്
മരിച്ചു നീളവെ കിടപ്പതുകാൺകിൽ
കരളലിയാത്ത കഠോരന്മാരുണ്ടോ.
ശവങ്ങളെ തലയിണയായ് ചേർത്തുകൊ-
ണ്ടവനിയിൽ വീണിട്ടനേകമാളുകൾ
വിവശചിത്തരായനശനം മൂലം
ദിവംഗമിപ്പതു സഹിപ്പതെങ്ങിനെ!
വിശന്നു ദാഹിച്ചു മരിപ്പതിൽപ്പര-
മാശങ്കമാ ബോംബേററൊടുങ്ങിടുന്നതാം.
ഉഴക്കരിക്കഞ്ഞിക്കൊരു വകയില്ല
പഴന്തുണിപോലുമുടുക്കുവാനില്ല.

അഴലാമാഴിയിൽ മുഴുകിയിന്ത്യക്കാർ
കുഴങ്ങിയീവിധം മരിച്ചൊടുങ്ങുന്നു.
ഇതരരാജ്യങ്ങളിഹ ദിനം തോറു
മതിസമൃദ്ധിയിൽ പ്രസിദ്ധമാകവേ
ഫലപുഷ്ടിയേറുമവര രാജ്യങ്ങൾ
സലാംകൊടുത്തതായ് പുകഴ്ന്നൊരിന്ത്യയിൽ
മരിക്കുന്നു നിത്യമസംഖ്യമാളുക
ളിരിക്കുവാനവരനർഹരെന്നപോൽ
കരഞ്ഞുചാവുന്നു ചെറിയ കുട്ടികൾ
കരിയുവാൻമാത്രം വിരിഞ്ഞമൊട്ടുകൾ!
കരാളദാരിദ്ര്യപ്പിശാചു ബാധിച്ചീ
ഭരതഭൂമിയെന്തിവണ്ണമാകുവാൻ?
പുരാതന പുണ്യക്ഷയം നിമിത്തമോ?
സ്വരാജ്യസുസ്നേഹക്കൊഴുപ്പു മൂലമോ?
പരാശ്രയസ്ഥിതി മുഴുത്തതുകൊണ്ടോ?
പരമസങ്കടം ഭവിച്ചതിങ്ങനെ
മതിമാന്മാരായ തനയരുള്ളൊരീ
സതീശിരോമണി ഭരതമേദിനീ
അതിരററാളിടും കദനവഹ്നിയിൽ
പതിച്ചു ഹാ കഷ്ടം ജനകജപോലെ.
ഒരുമയോടിനി സകലരുംകൂടി
ദുരിതം നീക്കുവാനുഴറിട വേണം.

ചീരാത്ത് പ്രഭാകരൻ നായർ,
സീനിയർ ഇൻറർ.



# ജാതിവ്യത്യാസം

നമ്മുടെ പ്രിയഭാരതമാതാവിന്റെ ജീവരക്ത നാഡികളെ ചൂഷണംചെയ്തു് അട്ടഹസിച്ചു് ഗജവിക്രമങ്ങൾ കാണിക്കുന്ന ഒരു ദുർദ്ദേവതയാണ് ജാതിവ്യത്യാസം എന്ന സംഗതി നമ്മുടെ പാവന ഭാരതഭൂവിൽ ജനിച്ചിട്ടുള്ള ഏതൊരു മഹാത്മാവും സമ്മതിച്ചിട്ടുള്ളതാണ്.

ചാതുർവ്വർണ്യം മയാസൃഷ്ടം
ഗുണകർമ്മവിഭാഗശഃ॥

എന്ന് ഗീതയിൽ പറഞ്ഞപ്രകാരം പുരാതന ഭാരതത്തിൽ ഉണ്ടായിരുന്ന ജാതി അതിന്റെ അടിക്കല്ലിളകി ചളിക്കണ്ടിൽ മറിയുവാൻ തുടങ്ങിയമുതല്ക്കാണ് ഹിന്ദുസമുദായം പരസ്പരം കലഹിച്ചു് അധഃപതിക്കുവാനും നാം അന്യാധീനരായിത്തീരുവാനും തുടങ്ങിയതു്. ഇന്നു ഭാരതത്തെ നിരന്തരം അധഃപതിപ്പിക്കുന്ന മരു ദുർഭൂതമാണ് നമ്മുടെ ജാതിഭ്രാന്തു്. ഇന്ത്യയിലെ നാല്പതുകോടി ജനങ്ങളിൽ 30 കോടിയും ഹിന്ദുക്കളാണെങ്കിലും അവരുടെ ഇടയിലുള്ള അനവധി വിഭാഗങ്ങൾ നിമിത്തം നമുക്ക് വർഗ്ഗീയമായോ മതപരമായോ ഉള്ള യാതൊരു ഐക്യവും ഇല്ലെന്നുള്ള സംഗതി പ്രത്യേകം പ്രസ്താവയോഗ്യമാണ്. നാലു ജാതികളുള്ളതിനെ നാല്പതുലക്ഷം തരത്തിൽ വിഭജിച്ചു് സ്വസഹോദരന്മാരെ ദൂരത്തു നിർത്തുന്ന ഇന്നത്തെ മേൽജാതിക്കാരെന്നഭിമാനിക്കുന്നവരുടെ നിർദ്ദയമായ പിടിയിൽ പെട്ട് ഞെരിഞ്ഞളിഞ്ഞ് ദാരിദ്ര്യപ്പിശാചിന്നു് ബലികഴിക്കപ്പെട്ടവരായ എത്ര പാവങ്ങളാണ് ഇന്ത്യയിൽ ദിനംദിനം അകാലമൃത്യുവിന്റെ വദനഗഹ്വരത്തിൽ ചാടിക്കൊണ്ടിരിക്കുന്നതെന്നു് പറഞ്ഞറിയിക്കുക അസാദ്ധ്യമാണ്.

സർവ്വഭൂതങ്ങളിലും ദയകാണിച്ചിരുന്ന ശിബി തുടങ്ങിയ മഹാന്മാരുടെ ജന്മഭൂവായ ഈ ഭാരതത്തിൽ അവരുടെ അനുഗാമികളായ നാം ജാത്യാദ്യനാചാരങ്ങളെ മുറുകെപ്പിടിച്ചു് സ്വസഹോദരന്മാരുടെ തലയിൽ കല്ലിടുന്നു. ഈ തത്വം മനസ്സിലാക്കുമ്പോൾ ഏതൊരു സ്വരാജ്യസ്നേഹിയുടെ മനസ്സാണ് പതറാത്തതു്. നിസ്സാരയും അധഃകൃതജാതിക്കാരത്തിയുമായ മുക്കുവത്തിയെ (സത്യവതിയെ) ഒരു ഉൽകൃഷ്ടബ്രഹ്മർഷിയായ പരാശരന്നു് പാണിഗ്രഹണം ചെയ്യുവാനും അവൾ പെററകുട്ടിയായ വേദവ്യാസന്നു ബ്രഹ്മർഷിയായിത്തീരാനും പരിശുദ്ധമായ വേദത്തെ പകുത്തുക്രമപ്പെടുത്തുവാനും പുരാതനഭാരതത്തിൽ പ്രയാസമുണ്ടായിരുന്നില്ല. എന്നാൽ ഇന്നെങ്ങിനെ അവ അകൃത്യങ്ങളായിത്തീർന്നു? അന്നു് ഗുണകർമ്മപ്രകാരമായിരുന്നു ജാതിഭേദം. ഇന്നാകട്ടെ അതു സ്വാർത്ഥപാരമ്യത്താൽ പാരമ്പര്യം പ്രമാണിച്ചായിത്തീർന്നു. പ്രാചീനഭാരതത്തിൽ ആണത്തവും ആത്മാഭിമാനവും സ്വാതന്ത്ര്യവും സ്വശക്തിയും കളിയാടിയിരുന്നു. എന്നാൽ ഇന്നാകട്ടെ ഈ ഭാരതം അടിമത്തത്തിൻ കീഴിൽകിടന്നു ഞെരുങ്ങുകയാണ്. ഇത്രയൊക്കെയായിട്ടുകൂടി അവർ തങ്ങളുടെ ജാത്യാചാരത്തെ മുറുകെപിടിക്കുന്നു.

ജന്മംകൊണ്ടാണ് ജാതി ഉണ്ടായിത്തീരുന്നതെന്നു് തെററായി വിചാരിച്ചു് തദനുരൂപങ്ങളായ ദുരാചാരങ്ങളെക്കൊണ്ട് മേലാളർ പാവങ്ങളെ മർദ്ദിക്കുവാൻ തുടങ്ങിയതോടുകൂടി ഐകമത്യം ക്ഷയിക്കുവാനും ആ സാധുക്കൾ തങ്ങളുടെ 'തമ്പ്രാന്മാ'രുടെ മർദ്ദനങ്ങൾ സഹിക്കവയ്യാതാവുമ്പോൾ അന്യമതങ്ങളിൽ ചേരുവാനും, തന്നിമിത്തം ഹിന്ദുമതവും ഇന്ത്യാരാജ്യവും സ്വാഭിമാനവും സ്വശക്തിയും സർവ്വോപരി ഐകമത്യവും നശിച്ചു് അധഃപതിക്കുവാനും തുടങ്ങി.

കേരളത്തിലാണ് ഈ ജാത്യാചാരക്കോട്ടയുടെ മണിമകുടം പണിചെയ്തുവച്ചിട്ടുള്ളതു്. ഇന്ത്യയിൽ നാനാഭാഗങ്ങളിലും പ്രക്ഷോഭങ്ങൾ കാരണം പല മാററങ്ങളും വന്നിട്ടുണ്ട്. എന്നാൽ ഏതാനും മാസങ്ങൾകൊണ്ട് ഇന്ത്യ മുഴുവൻ അദ്വൈതമതക്കൊടിക്കൂറ നിഷ്പ്രയാസം പാറിപ്പിച്ചിട്ടുള്ള ആ ജഗൽഗുരു ശ്രീശങ്കരാചാര്യസ്വാമികളുടെ ജന്മഭൂമിയെന്നഭിമാനിക്കുന്ന ഈ കേരളത്തിൽ അന്നും

ഇന്നും ഇവിടെ ആ അയിത്തപ്പിശാച് തന്റെ നഗ്നവേഷത്തോടുകൂടി നടനമാടുന്നില്ലേ? ഉവ്വ്. ആ പൈശാചികഭ്രാന്താചാരം ഇന്നും ഇവിടെ ചുരുക്കം ചില നഗരങ്ങളിലൊഴിച്ച് സർവ്വത്ര കൂത്താടുന്നുണ്ട്. അജയ്യമായ കാലപ്രവാഹശക്തിക്കുകൂടി അടിച്ചുടക്കുവാൻ സാധിക്കാത്തവിധത്തിൽ അത്രയും ബലവത്തായിരിക്കുന്ന ഒരു ജാത്യാചാരക്കോട്ടയാണ് കേരളത്തിൽ ഉറച്ചുനില്ക്കുന്നതു്. തന്നിമിത്തം കേരളം അന്യരാജ്യങ്ങളുടെ പിന്നിൽ ഇങ്ങെ അററത്താണ് നില്ക്കുന്നതെന്നും ആ ജാതിക്കോട്ട തകർത്തുകളഞ്ഞില്ലെങ്കിൽ ഈ രാജ്യത്തു് ഒരു ശോഭനമായ ഭാവി ഉണ്ടാവുകയില്ലെന്നും നിസ്സംശയം പറയാം. അതുകൊണ്ട് ജാത്യാദ്യനാചാരങ്ങളെ ദൂരീകരിക്കുകയാണ് ഭാരതത്തിന്റെ ഉൽഗതിക്കുള്ള ഒന്നാമത്തെ പ്രവൃത്തി.

ഈ അനാചാരത്തെ നശിപ്പിക്കുവാനുള്ള ഒരു പ്രധാന ഉപായം സാഹിത്യമാണ്. സാഹിത്യകാരന്മാർ തങ്ങൾ ജീവിക്കുന്ന കാലത്തെ സാമുദായിക സ്ഥിതികളെ തങ്ങളുടെ കാവ്യതല്ലജങ്ങളിൽ ചിത്രീകരിച്ച് ഗുണഭാഗങ്ങളിൽ ജനങ്ങൾക്ക് അഭിരുചിയും ദോഷഭാഗങ്ങളിൽ വെറുപ്പും ഉണ്ടാക്കിത്തീർക്കേണ്ടതാണ്. കേരളീയകവികളിൽ ആദ്യമായി അനാചാരങ്ങളെ ആധാരമാക്കി കവിതയെഴുതുവാൻ തുടങ്ങിയതു മഹാകവി കുമാരനാശാൻ അവർകളാണ്. അദ്ദേഹത്തിന്റെ കണ്ണങ്ങളിൽ ജാതിപ്പിശാചിന്റെ അട്ടഹാസം മുഴങ്ങിയിട്ടാണ് സ്വാഭിപ്രായം കവിതാസരണികളിൽക്കൂടി പ്രവഹിക്കുവാൻ തുടങ്ങിയതു്. അദ്ദേഹത്തിന്റെ കവിതകളിൽ നമുക്കൊന്നു കണ്ണോടിച്ചുനോക്കുക.

"അന്തണനെച്ചമച്ചുള്ളോരു കയ്യല്ലോ
ഹന്ത! നിർമ്മിച്ചു ചെറുമനേയും.
ബാഹുവീര്യങ്ങളും ബുദ്ധിപ്രഭകളും
സ്നേഹമൊലിക്കു മുറവുകളും
ആ ഹന്ത! എത്ര വിഫലമാക്കിത്തീർത്തു
നീ ഹിന്ദുധർമ്മമേ ജാതിമൂലം".

എന്ന് ആ മഹാത്മാവ് ഭാരതത്തിനു—തൊഴുത്തിൽ കുത്തിത്തുലഞ്ഞ് തമ്മിലടിച്ച് തലകീറിത്താറുമാറായിക്കിടക്കുന്ന ഹിന്ദുസമുദായത്തിനു—കൊടുക്കുന്ന ഉപദേശം ഓരോ വ്യക്തിയുടേയും മനസ്സിൽ വേരൂന്നിത്തുടങ്ങിയിരിക്കുന്നു. ഇന്നത്തെ കവികളായ ഉള്ളൂർ, വള്ളത്തോൾ തുടങ്ങിയവരുടെ കവിതകളിലും ജാതിയെപ്പററിയുള്ള ശകാരങ്ങൾ ഉണ്ട്. അവയെല്ലാം ജാതിനശിപ്പിക്കാൻ ഉതകുന്നുമുണ്ട്. ഇനിയും സാഹിത്യകാരന്മാർ അപ്രകാരം ചെയ്ത് ഭാരതത്തിന്നു് സുശോഭനമായ ഒരു ഭാവിയുണ്ടാക്കിത്തീർക്കുമെന്ന് ആശിക്കുന്നു. ബ്രാഹ്മണർ ചെറുമക്കളെ ആഞ്ഞുപുൽകുന്ന—അത്രയും സൗഹാർദ്ദം മുഴുത്ത—ഒരുകാലം ഭാരതത്തിന്നു് ഉണ്ടായിത്തീരട്ടെ !!

കെ. ഉണ്ണികൃഷ്ണവാരിയർ, IV-ാം ഫോറം.



# പ്രാഥമികവിദ്യാഭ്യാസ നവീകരണം

ഒന്നാമതായി വിദ്യാർത്ഥികൾക്ക് അവരുടെ മാതൃഭൂമിയോട് ഒരു മമത ഉണ്ടാകേണ്ടിയിരിക്കുന്നു. വിദ്യാഭ്യാസം ഒരന്യഭാഷയിൽ നടത്തിയാൽ ആ ഭാഷ സംസാരിക്കുന്നവരുടെ ജീവിതരീതികളും സ്വഭാവങ്ങളും കൂടുതലായി മനസ്സിലാക്കുന്നതിനും അവരോടു കൂടുതൽ ബഹുമാനം തോന്നുന്നതിനുമാണിടയുള്ളത്. അതുകൊണ്ടു വിദ്യാഭ്യാസം കഴിയുന്നേടത്തോളം മാതൃഭാഷയിൽതന്നെയാണ് നടത്തേണ്ടതു്. അതോടുകൂടി വിദ്യാർത്ഥികൾ ദേശാഭിമാനികളായിത്തീരത്തക്കവണ്ണമുള്ള വിഷയങ്ങൾ അവരുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതുമാകുന്നു.

വിദ്യാർത്ഥികൾക്കു വ്യവസായപരമായ ഒരു വിദ്യാഭ്യാസം ഉണ്ടായിരിക്കേണ്ടതു എത്രയും അത്യാവശ്യമാണ്. ഭാവിയിൽ ഓരോ തൊഴിലുകളിൽ ഏർപ്പെടുന്നതിന് താൽപര്യവും ജ്ഞാനവും ഇതുകൊണ്ടു സിദ്ധിക്കുന്നു. എന്നുമാത്രമല്ല അവരവരുടെ ആവശ്യമനുസരിച്ച് അവരവർതന്നെ ഉണ്ടാക്കുന്നതിനും തൻമൂലം കുറേക്കൂടി തന്റേടവും ഉത്തരവാദിത്വബോധവും സ്വാശ്രയശീലവും ശക്തിയും ഉണ്ടാക്കുന്നതിനും സാധിക്കുന്നതാണ്. എന്നാൽ ഇഷ്ടപ്രകാരമുള്ള ആദായങ്ങൾകൊണ്ടു മാത്രം വിദ്യാഭ്യാസം നടത്തുകയെന്നുള്ളതു് ഒരിക്കലും പ്രായോഗികമായിരിക്കുകയില്ല. പാരമ്പര്യമായി സിദ്ധിച്ചിട്ടുള്ള വാസനകൊണ്ടാണ് ഓരോ തൊഴിൽകാർക്കും അവരവരുടെ തൊഴിലുകളിൽ ഗണ്യമായ നൈപുണ്യം സിദ്ധിച്ചിട്ടുള്ളത്. ആ സ്ഥിതിക്കു ആദ്യമായി തൊഴിൽ പരിശീലിക്കുന്ന വിദ്യാർത്ഥികൾ ഉണ്ടാക്കുന്ന സാധനങ്ങൾക്കു അതാതു തൊഴിലുകളിൽ പ്രാവീണ്യമുള്ളവർ ഉണ്ടാക്കുന്ന സാധനങ്ങളോടൊപ്പം മേന്മയും ഗുണവും ഉണ്ടായിരിക്കുകയില്ലെന്നുള്ളതിനു യാതൊരു സംശയവുമില്ല. തന്നിമിത്തം വിദ്യാർത്ഥികൾ ഉണ്ടാക്കുന്ന സാധനങ്ങൾ വിററു പണമാക്കി ഉദ്ദിഷ്ടകാര്യം സാധിക്കുന്നതു് അത്ര എളുപ്പമല്ല. അഥവാ അതു സാദ്ധ്യമാണെന്നു സമ്മതിച്ചാൽതന്നെയും ഗൌരവാഹവമായ മറെറാരു ദൂഷ്യമുണ്ടാവാനെളുപ്പമുണ്ട്. തങ്ങളുടെ ഗൌരവമേറിയ കർത്തവ്യത്തെപ്പററി ബോധമുള്ള അദ്ധ്യാപകന്മാർ തന്നെ കുറയും. ഒരു രാജ്യത്തിന്റെ ഭാവിപൌരന്മാരിൽ തിളങ്ങി വിളങ്ങിക്കാണേണ്ട ശോഭന ഗുണങ്ങളുടെ വിത്തു വിതക്കേണ്ടതു തങ്ങളാണെന്നും, പ്രത്യേകിച്ചു രാജ്യത്തിന്റെ അഭിവൃദ്ധിക്കും സുഖജീവിതത്തിനും ഉതകുന്ന ഉൽകൃഷ്ടാദർശങ്ങൾ അവരിൽ ദൃഢമൂലമായിത്തീരുന്നതു വിദ്യാർത്ഥികളുടെ മനസ്സിൽ ആദ്യമായി തങ്ങൾ അങ്കുരിപ്പിക്കുന്ന ആശയങ്ങൾ വികസിച്ചു പരിപുഷ്ടിയെ പ്രാപിക്കുമ്പോഴാണെന്നും മനസ്സിലാക്കി സൂക്ഷ്മമായി പ്രവർത്തിക്കുന്ന അദ്ധ്യാപകന്മാർ എത്രയോ ചുരുക്കമാണ്. ആ സ്ഥിതിക്കു കുട്ടികളുടെ വ്യവസായത്തിൽനിന്നും കിട്ടുന്ന പണം മാത്രമേ അദ്ധ്യാപകന്മാർക്കു ശമ്പളമായി കിട്ടുകയുള്ളു എന്നു വന്നാൽ ആ വഴിക്കു മാത്രം പ്രവർത്തിക്കുകയും തൻമൂലം വിദ്യാഭ്യാസത്തിന്റെ മററു വശങ്ങൾ നിരാകരിക്കപ്പെടുകയും അപരിഹാര്യമായ ഒരു നഷ്ടം രാജ്യത്തിനു വന്നുചേരുകയുംചെയ്യും. അതിനാൽ ഓരോ വിഷയങ്ങൾക്കും അവ അർഹിക്കുന്ന പ്രാധാന്യം മാത്രം കൊടുത്തു തദനുസരണമായി വിദ്യാഭ്യാസം നടത്തുന്നതിനു ഗവർമ്മേണ്ടുതന്നെ പ്രത്യേകം നിഷ്കർഷിക്കുകയും വേണ്ടതു ചെലവാക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. വ്യവസായങ്ങളെ സംബന്ധിച്ചേടത്തോളം അതാതു സ്ഥലങ്ങളിൽ സൌകര്യവും ആദായവും പ്രാധാന്യവുമുള്ളവയിലാണ് വിദ്യാർത്ഥികൾക്കു കൂടുതൽ പരിശീലനം നൽകേണ്ടതെന്നു വിശേഷിച്ചു പറയേണ്ടതില്ലല്ലോ.

ഇന്നു ഭാരതീയരിൽ കാണേണ്ട സർവ്വപ്രധാനങ്ങളായ ഗുണങ്ങൾ ആരോഗ്യവും ഓജസ്സും ഒരുമയും ശക്തിയുമാണ്. ജീവിതസമരത്തിൽ ഇവ എത്രമാത്രം അനപേക്ഷണീയങ്ങളാണെന്ന് ഏവർക്കും അറിയാവുന്നതാണ്. എന്നാൽ നിർഭാഗ്യവശാൽ ഈ ഗുണങ്ങൾ നമ്മിൽ ഇല്ലാതാണിരിക്കുന്നത്. അതുകൊണ്ടു ബാല്യകാലം മുതല്ക്കുതന്നെ വിദ്യാർത്ഥികളുടെ ആരോഗ്യം വർദ്ധിപ്പിക്കത്തക്കവണ്ണം വേണ്ട കായികാഭ്യാസങ്ങളിലും മററും അവരെ പ്രോത്സാഹിപ്പിച്ചുകൊണ്ടുവരേണ്ടതും വിദ്യാഭ്യാസത്തിന്റെ ഒരു പ്രധാനഘട്ടമായി വിചാരിക്കാം. ഇപ്രകാരമുള്ള സംഗതികളെ മുൻനിർത്തി ഏഴുവർഷത്തെ നിർബ്ബന്ധവും സൌജന്യവുമായ വിദ്യാഭ്യാസം നടപ്പിൽ വരുത്തിയാൽ ഏറെതാമസിയാതെ ഭാരതീയർ മുഴുവൻ വിദ്യാഭ്യാസമുള്ളവരായിത്തീരുകയും ഓരോ വ്യക്തിക്കും, ഏതെങ്കിലും ഒരു വ്യവസായത്തിലോ കൈത്തൊഴിലിലൊ, ഒരുവിധം പ്രാവീണ്യംസിദ്ധിക്കുകയുംചെയ്യുമെന്നുള്ളതിനു യാതൊരു സംശയവുമില്ല. ഭാരതത്തിന്റെ ശോഭനമായ ഭാവിക്ക് ഇതിൽപരം വേറെ എന്താണ് വേണ്ടത്?

കെ. ബാലഗോപാൽ
V സി.

UNIVERSITY LIBRARY
10 OCT 1946